ഇവിടെ ശ്രീ. എ. വി. താമരാക്ഷൻ പറഞ്ഞു, ഇത് അപ്രായോഗികമാണ്, നിയമവിരുദ്ധമാണ് എന്ന്. പ്രായോഗികമാണെന്നുള്ള അടിസ്ഥാനത്തിൽതന്നെയാണ് 1983-ൽ ടോപ്പ് കളക്ഷൻ ജോലി തുടങ്ങിയത്. അദ്ദേഹം 350 ഓ മറ്റോ പാലങ്ങളിൽ നിന്ന് ടോപ്പ് പിരിക്കുന്നു എന്നു പറഞ്ഞു. അത് ശരിയല്ല. നാഷണൽ ഹൈവേയുടെ പാലങ്ങളിൽ നിന്നു 1,29,62,651 രൂപയുടെ ടോപ്പ് കളക്ഷൻ ഉണ്ടായിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേയുടെ പാലങ്ങളിൽ നിന്ന് 5,30,899 രൂപയുടെ കളക്ഷനേ ആയിട്ടുള്ളൂ. അതിനു കാരണം പല പാലങ്ങളും വളരെ അടുത്ത കാലത്താണ് ഉൽഘാടനം ചെയ്തതും ടോപ്പ് കളക്ഷൻ ഏർപ്പെടുത്തിയതും. അതുകൊണ്ട്, ഇവിടെ പ്രായോഗികമായി യാതൊരു ബുദ്ധിമുട്ടുകളും ഇല്ല. കളക്ഷൻ ശരിക്കു നടക്കുന്നുണ്ട്. നിയമവിരുദ്ധമായി അദ്ദേഹം പറഞ്ഞത്, 1976-ൽ തുറന്ന പാലങ്ങളിലെല്ലാം മുൻകാല പ്രാബല്യത്തോടുകൂടി ടോപ്പ് കളക്ട് ചെയ്യുന്നു എന്നാണ്, അത് ശരിയല്ല. ഇത് പ്രായോഗികമല്ലാത്തതുകൊണ്ട് തന്നെ അത് 22-7-1983 മുതൽ മാത്രമേ പ്രാബല്യത്തിൽ വന്നിട്ടുള്ളൂ. അതിനുശേഷം തുറക്കുന്ന പാലങ്ങൾക്കു മാത്രമേ ഈ ടോപ്പ് ബാധകമാകുന്നുള്ളൂ. അതുകൊണ്ട് ഇത് നിയമവിരുദ്ധവുമല്ല അപ്രായോഗികവുമല്ല. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എം. വി. മാണി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള ടോപ്പ് (ഭേദഗതി) ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച് അഞ്ചാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ 5-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

VI 58-ാം ചട്ടപ്രകാരമുള്ള ചർച്ച

നാണ്യവിളകളുടെ വിലയിടവ്

ശ്രീ. സിറിയക് ജോൺ : സർ, "കൊപ്ര, വെളിച്ചെണ്ണ, റബ്ബർ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി ചെയ്തതുമൂലം പ്രസ്തുത ഉൽപ്പന്നങ്ങളുടെ വില ഗണ്യമായി കുറയുകയും കൃഷിക്കാരുടെ ജീവിതം കൂടുതൽ ക്ലേശകരമാവുകയും ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെത്തന്നെ വളരെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിരിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

1 p. m.]

സർ, കേരളത്തിന് കുത്തക അവകാശപ്പെടാവുന്ന രണ്ടു വാണിജ്യവിളകളാണ് റബ്ബറും നാളികേരവും. തെങ്ങുകൃഷി നമ്മുടെ കേരളത്തിൽ 6,58,540 ഹെക്ടറിൽ ഉണ്ട്. പക്ഷേ 25 ലക്ഷം ഹോൾഡിങ്സ് ആണ്. റബ്ബർ കൃഷി 290,000 ഹെക്ടറിൽ ഉണ്ട്. രണ്ടര ലക്ഷം ഹോൾഡിങ്സ് ആണ്. 1972-ൽ നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 400 കോടി നാളികേര

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിച്ച സ്ഥാനത്ത് ഇപ്പോഴത് ഏതാണ്ട് 310 കോടിയായിട്ട് താഴോട്ടു പോകുകയാണ്. എന്നിരുന്നാൽതന്നെയും നമ്മുടെ ഇൻഡ്യയിലെ മൊത്തം ഉൽപ്പാദനം വച്ച് കണക്കിലെടുത്താൽ 63 ശതമാനം നാളികേരവും ഉൽപ്പാദിപ്പിക്കപ്പെടുന്നത് കേരളത്തിലാണ്. ഈ നാളികേരത്തിൽ തന്നെ കേരളത്തിൽ മാത്രമാണ് കൊപ്ര ഉൽപ്പാദിപ്പിക്കപ്പെടുന്നത്. മറ്റു സംസ്ഥാനങ്ങളിലുള്ള നാളികേരം കൊപ്ര ഉൽപ്പാദിപ്പിക്കാൻ യോജിച്ചതല്ല. അതു കൊണ്ട് മറ്റു സംസ്ഥാനങ്ങളിലൊന്നും കൊപ്ര ഉൽപ്പാദിപ്പിക്കുന്നില്ല. ഞാൻ ഇത്രയും പറഞ്ഞത് ഈ രണ്ട് ഉൽപ്പന്നങ്ങളെ സംബന്ധിച്ചിടത്തോളവും അത് കേരളത്തിന്റെ കുത്തകയാണ്. ഈ ഉൽപ്പന്നങ്ങൾക്ക് വില കുറഞ്ഞു പോകുകയെന്നു പറഞ്ഞാൽ കേരളീയരെ സംബന്ധിച്ചിടത്തോളം പിച്ചച്ചട്ടി എടുത്ത് തെരുവിലിറങ്ങുകമാത്രമേ അവർക്ക് ഗതിയുള്ളൂ. ആ സ്ഥിതി വിശേഷം കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇന്ന് അവരുടെ മുമ്പിൽ വലിയ ഒരു പേടിസ്വപ്നമായിട്ട് നിലനിൽക്കുന്നു.

സർ, റബ്ബറിനെ സംബന്ധിച്ചുതന്നെ ഞാൻ ഒന്നുപറയാം. ചെറുകിട റബ്ബർ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ ആർ. എം. എ. 5 ആണ്, ആ ആർ. എം. എ 5 റബ്ബറാണ് ഏതാണ്ട് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന അസംസ്കൃത റബ്ബറിന്റെ 63 ശതമാനവും. 1984-ൽ അതിന് 18 ഉറുപ്പിക വില കിട്ടി. പക്ഷേ ഇപ്പോഴാകാലങ്ങളും മുമ്പോട്ടു ചെല്ലുന്തോറും ഉൽപ്പാദനത്തിന്റെ ചിലവ് വർദ്ധിക്കുന്നു, ഇൻപുട്ട്സിന്റെ ചിലവ് വർദ്ധിക്കുന്നു, കൂലി വർദ്ധിക്കുന്നു ഇങ്ങനെയെല്ലാം നോക്കുമ്പോഴാ അതിന് ആനുപാതികമായിട്ട് വിലവർദ്ധനവുണ്ടാകുന്നതിനുപകരം ഇപ്പോഴാ എത്രയാണ് കിട്ടുന്നതെന്നറിയാമോ? 14 ഉറുപ്പിക 50 പൈസയാണ്. സർ, ഇൻപുട്ട്സിന്റെ വിലവർദ്ധനവ്, അതുപോലെതന്നെ കാലകാലങ്ങളിലുണ്ടാകുന്ന മറ്റുരംഗങ്ങളിലുണ്ടാകുന്ന അധിക ചിലവുകളും ഇതെല്ലാംകൂടി കണക്കിലെടുക്കുമ്പോഴാ 1984-ൽ 18 ഉറുപ്പിക കിട്ടിയിരുന്നെങ്കിൽ ഇന്നേയ്ക്ക് അത് ഒരു 30 ഉറുപ്പിക അല്ലെങ്കിൽ എത്ര ചുരുങ്ങിയാലും ഒരു 25 ഉറുപ്പികയായിട്ടെങ്കിലും വർദ്ധിക്കേണ്ടതായിരുന്നു. എന്താണ് ഇങ്ങനെ ഒരു വൈരുദ്ധ്യമുണ്ടാകാൻ കാരണം? റബ്ബർ ആക്ട് 1947-ലാണ്. 17-4-1979-ൽ ഇൻഡ്യാഗവൺമെന്റ് ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. ആർ. എം. എ. 4, ആർ. എം. എ. 5 ഇവ തമ്മിലുള്ള വിലയുടെ അന്തരം ആ നോട്ടിഫിക്കേഷൻ അനുസരിച്ച് കേവലം 14 പൈസ മാത്രമേയുള്ളൂ. 16 ഉറുപ്പിക 50 പൈസ ആർ. എം. എം. 4-ന് നിശ്ചയിച്ചിരിക്കുമ്പോഴാ ആർ. എം. എ. 5-ന് 16 ഉറുപ്പിക 36 പൈസ കിട്ടണം. അത് ആ നോട്ടിഫിക്കേഷൻ അനുസരിച്ചും നിയമമനുസരിച്ചും ഇവിടെയുണ്ടായിരുന്ന കീഴ്വഴക്കമനുസരിച്ചും ലഭ്യമാവേണ്ടിയിരുന്നു. സർ, ഇപ്പോഴാ അതിന് എന്തു ചെയ്തിരിക്കുന്നുവെന്ന് അറിയാമോ? ആർ. എം. എ. 4 വരെയേ ഗ്രേഡ് ഉള്ളൂ. ആർ. എം. എ. 4-നുശേഷമുള്ളതു മുഴുവൻ ലോട്ട് റബ്ബറാക്കി. ആ തരത്തിൽ ഒരു പുതിയ പരിഷ്ക്കാരം കൊണ്ടുവന്നതിന്റെ ഫലമായിട്ട് ഇവിടത്തെ പാവപ്പെട്ട കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്ന സാധാരണഗതിയിലുള്ള റബ്ബറുണ്ടല്ലോ-അതിനു സ്ക്രാപ്പിന്റെ വിലയേ കിട്ടൂ. 63 ശതമാനം റബ്ബറും അവർ ഉൽപ്പാദിപ്പിക്കുന്ന RM A. 4-നു താഴെയാണ്. വളരെ ഉന്നത നിലവാരത്തിലുള്ള റബ്ബർ ഷീറ്റ് ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള സാങ്കേതിക സൗകര്യങ്ങളാ ഇല്ലാത്തവരാണ് അവർ. വൻകിട തോട്ടക്കാർക്കുമാത്രമേ ഇത്രയും ഉയർന്ന ഗുണനിലവാരമുള്ള റബ്ബർ ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്നുള്ളതുകൊണ്ട് ഇവരുടെ വായിൽ മണ്ണിട്ടിരിക്കുകയാണ്, സർ. ഇത് ആർക്കുവേണ്ടിയിട്ടാണ്? ഇവിടത്തെ വൻകിടടയർ വ്യവസായികളും അതുപോലെതന്നെ കച്ചവടക്കാരുമാണ് പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ കൈയ്യിട്ടു വാരുന്നത്. അതിനുള്ള അവസരം ഇൻഡ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് ഈ നോട്ടിഫിക്കേഷനിലൂടെ ഉണ്ടാക്കിവച്ചിരിക്കുന്നു. അതു കൊണ്ടുതന്നെ ഇവിടത്തെ പാവപ്പെട്ട റബ്ബർ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയേറെ ഇന്ന് ക്ലേശമനുഭവിക്കുന്നുണ്ട്. 290,000 ഹെക്ടർ സ്ഥലത്താണ് ഇവിടെ റബ്ബർ കൃഷി ചെയ്യുന്നത്. ഇതിൽ വൻകിടക്കാരെന്നു പറയുന്നവർ 0.2 ശതമാനം മാത്രമേയുള്ളൂ. ബാക്കി 99.78 ശതമാനവും കേവലം 0.39 ഹെക്ടറിനു താഴെ വിസ്തൃതിയുള്ള ചെറുകിടക്കാരാണ്.

ശ്രീ. തോമസ് കല്ലംപള്ളി : ഗ്രേഡ് റബ്ബറുണ്ടാക്കുന്ന കാര്യത്തിൽ നമ്മുടെ കൃഷിക്കാർ ജീവിതകാലം മുഴുവൻ ശ്രദ്ധിച്ചിട്ടില്ല. ഇപ്പോഴെങ്കിലും അങ്ങനെ ഒരു ശ്രദ്ധ ഉണ്ടാകുന്നതു നല്ലതല്ലേ?

ശ്രീ. സിറിയക് ജോൺ : 0.89 ഹെക്ടറാണ് ഇവിടത്തെ ശരാശരി ഒരു ചെറുകിടക്കാരന്റെ റബ്ബർ തോട്ടത്തിന്റെ വിസ്തൃതി. അവർക്ക് എങ്ങനെ ഈ ആധുനിക സൗകര്യങ്ങളുണ്ടാക്കാൻ സാധിക്കും? അത് അപ്രായോഗികമാണ്. തോമസ് കല്ലംപള്ളി ഇവിടെ വലിയ തോട്ടക്കാർക്കുവേണ്ടിയുള്ള ഒരു വക്കാലത്തുമായി വരുമെന്ന് ഞാൻ ഏതായാലും പ്രതീക്ഷിച്ചതല്ല സർ. ഏതായാലും ആ ഒരു സ്ഥിതിവിശേഷം വളരെയേറെ ചെറുകിട കൃഷിക്കാരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. 'പറച്ചട്ടിയിൽ നിന്ന് എരിതീയിലേക്ക്' എന്നു പറയാറുണ്ട്. വിലയേ കുറഞ്ഞു അതിന്റെ പുറമേയാണ് ചെറുകിട കൃഷിക്കാരുടെ റബ്ബറിനെ സംബന്ധിച്ചിടത്തോളം ആർ. എം. എ. 4-നുശേഷം പിന്നെ ഗ്രഡേഷനില്ലെന്നുള്ള ഒരു പുതിയ പരിഷ്ക്കാരം കൂടി കൊണ്ടുവന്നതിന്റെ ഫലമായിട്ട് അവർക്കു വന്നുഭവിച്ചിരിക്കുന്നത്.

സർ, ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം പറയാം. ഇൻഡ്യയിൽ ഇവിടത്തെ വ്യവസായങ്ങൾക്ക് ആവശ്യമായത്ര നാച്വറൽ റബ്ബർ ഉൽപ്പാദിപ്പിക്കുണ്ട് എന്നുതന്നെയാണ് ഇവിടത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളമുള്ള നിലപാട്. എന്നാൽ അതിൽ റബ്ബർ ബോർഡിന്റെ തന്നെ നിലപാടെന്താണ്? റബ്ബർ ബോർഡ് ഇതിനെ സംബന്ധിച്ചിടത്തോളം വസ്തുനിഷ്ടമായി കാലാകാലങ്ങളിൽ കണക്കുകളെടുക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ റബ്ബർ ബോർഡുതന്നെ പറയുന്നു ഇവിടെ ഇരുപതിനായിരം ടണ്ണോളം ഷോർട്ടേജ് ഉള്ളൂ എന്ന്. റബ്ബർ ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആ ഇരുപതിനായിരം ടൺ ഇറക്കുമതി ചെയ്യുകയാണെന്നുണ്ടെങ്കിൽ അതായത് വേണമെങ്കിൽ റബ്ബർ ബോർഡിന്റെ കണക്കു വച്ചാണെന്ന് ഒരു ന്യായം പറയാം. പക്ഷേ ഇരുപതിനായിരം ടൺ റബ്ബർ ഷോർട്ടേജ് ഉണ്ടെന്നു റബ്ബർ ബോർഡ് പറയുന്ന സ്ഥാനത്ത് ഇൻഡ്യാഗവൺമെൻറ് നാൽപതിനായിരം ടൺ റബ്ബർ ഇറക്കുമതി ചെയ്തു. 1973-ലും 1983-ലുമൊക്കെയാണെന്നു തോന്നുന്നു ഇൻഡ്യാഗവൺമെൻറ് റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് ഒരു നിലപാട് എടുത്തു സർ. ഈ ഇറക്കുമതി കേരളത്തിലെ ചെറുകിട കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുമെന്നും പൂർണ്ണമായി പാപ്പരാക്കുമെന്നും അതുകൊണ്ട് റബ്ബർ ഇറക്കുമതി നടത്തരുതെന്ന് അന്ന് നിയമസഭതന്നെ ഏകകണ്ഠമായി പ്രമേയം അംഗീകരിച്ച് ഇൻഡ്യാഗവൺമെൻറിന്റെ മുമ്പിൽ വളരെ ശക്തിയായി വാദിച്ചു. അന്നും ഇറക്കുമതി നടത്തിക്കഴിഞ്ഞിരുന്നു. അന്ന് സംസ്ഥാന ഗവൺമെൻറ് എന്താണ് സർ, ചെയ്തത്? അന്ന് ഗവൺമെൻറ് വളരെ ശക്തിയായി ഇൻഡ്യാ ഗവൺമെൻറിനോട് പറഞ്ഞു, ഇറക്കുമതി ചെയ്ത റബ്ബർ റിലീസ് ചെയ്യാൻ പാടില്ല എന്ന്. അങ്ങനെ റിലീസ് ചെയ്യുന്നതുതന്നെ ഇറക്കുമതി ചെയ്യുകയല്ലാതെ മാർഗ്ഗമില്ലെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരിതസ്ഥിതി ഉണ്ടാകുകയാണെങ്കിൽ അത് ലീൻ സീസണിൽ മാത്രമേ പാടുള്ളൂ. പീക്ക് സീസണിൽ പാടില്ല സർ. ഇവിടെയിപ്പോഴും എന്താണു ചെയ്തത്? ഏറ്റവും കൂടുതൽ റബ്ബർ ഉൽപാദിപ്പിക്കപ്പെടുന്ന കാലയളവായിട്ടുള്ള സെപ്റ്റംബർ-ഒക്ടോബർ കാലഘട്ടത്തിൽ തന്നെ നാൽപതിനായിരം ടൺ റബ്ബർ ഇറക്കുമതി ചെയ്തു. ആ നാൽപതിനായിരവും വ്യവസായികളുടെ ഗോഡൗണുകളിലേക്ക് എത്തിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ ഫലമായിട്ട് ഇവിടെ മാർക്കറ്റിൽ അതിനേറ്റതായിട്ടുള്ള പ്രത്യാഘാതങ്ങളുണ്ടായി. അതുകൊണ്ടാണ് ഇന്നത്തെ ദുഃസ്ഥിതിയുണ്ടായിരിക്കുന്നത്. ഇവിടെ റബ്ബർ ഷോർട്ടേജ് ഉണ്ടെന്നു പറയുന്നതുപോലും കൃത്രിമമാണ്. ഷോർട്ടേജ് എന്നുപറയുന്നതുതന്നെ ആകെ ചുരുക്കിയിട്ടുള്ള കാര്യങ്ങളം കണക്കിലെടുക്കാത്തതുകൊണ്ടാണ്. രജിസ്ട്രേഷനില്ലാത്ത ചുരുക്കം തോട്ടങ്ങളുണ്ട്. ആ വസ്തുത കണക്കിലെടുത്തിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഏതായാലും ഗവൺമെൻറ് വളരെ ശക്തമായിട്ട് ഇൻഡ്യാഗവൺമെൻറിന്റെ മുമ്പിൽ ഈ പ്രശ്നം ഉന്നയിക്കണം. മുമ്പൊരിക്കൽ ഇങ്ങനെയുണ്ടായപ്പോഴും അപ്പോഴും തന്നെ ഗവൺമെൻറ് ഇൻഡ്യാഗവൺമെൻറിന്റെ മുമ്പിൽ ഈ കാര്യം ഉന്നയിച്ചിട്ട് അവർ അന്ന് താഴെ പറയുന്ന തരത്തിൽ ഉറപ്പു തന്നതാണു സർ. ഭാവിയിൽ റബ്ബർ ഇറക്കുമതി ആവശ്യമായി വന്നാൽ റബ്ബർ ബോർഡിന്റെ ശുപാർശയ്ക്കു വിധേയമായി കേരള ഗവൺമെൻറുമായി ആലോചിച്ചു മാത്രമേ ചെയ്യുകയുള്ളു എന്നും, ലീൻ സീസണിൽ മാത്രമേ ഇറക്കുമതി ചെയ്യുകയുള്ളൂ എന്നുമായിരുന്നു. അതു തന്നെ ഉറപ്പ് ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്താണ് ആ ഉറപ്പു തന്നത്. സർ, എന്നാൽ ഇപ്പോഴോ "കുറുപ്പിന്റെ ഉറപ്പായി" മാറിയിരിക്കുന്നു എന്നുള്ളതല്ലേ അവസ്ഥ? ഇപ്പോഴും അതുതന്നെ ഈ ഗവൺമെൻറ് വളരെ ശക്തമായിട്ട് കേന്ദ്ര ഗവൺമെൻറിനോട് ഇൻസിസ്റ്റ് ചെയ്യിക്കണം. എന്നാൽ മാത്രമേ പാവപ്പെട്ട റബ്ബർ കൃഷിക്കാർ രക്ഷപ്പെടുകയുള്ളൂ. സർ, ഒരു സംസ്ഥാനത്തെ മുഖ്യമന്ത്രി ആ സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യങ്ങൾ വച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനുപകരം കേവലം കേന്ദ്രത്തിന്റെ ഏറാൻമൂളിയായി നിന്നാൽ ഇതൊക്കെ ഈ സംസ്ഥാനത്ത് സംഭവിക്കും. അതിന് ഏറ്റവും അവസാനത്തെ ഉദാഹരണമാണിത്. റബ്ബർ ബോർഡും ഈ രംഗത്ത് ഒരു പുതിയ നയം കൊണ്ടുവന്നു. ആ നയവും വളരെ നിഷേധാത്മകമാണ് സർ. അത് മുഖ്യമന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. ഇപ്പോഴും 99 ശതമാനം റബ്ബറും ഉൽപാദിപ്പിക്കപ്പെടുന്നത് കേരളത്തിൽ നിന്നാണ്. റബ്ബറിൽ നിന്നു പന്ത്രണ്ടരക്കോടി രൂപയുടെ സെസ് പിരിച്ചു. ഇത് കേരളത്തിൽ നിന്ന് പിരിച്ചതാണ് ഇപ്പോഴും എന്താണ് ചെയ്യുന്നത്? പുതിയ ആനുകൂല്യങ്ങളും അതായത് റബ്ബറിന്റെ എക്സ്റ്റൻഷൻ വർക്കുകൾക്കു വേണ്ടിയുള്ള ആനുകൂല്യങ്ങളൊന്നും ദക്ഷിണേന്ത്യയിൽ കൊടുക്കുന്നില്ല, ഉത്തരേന്ത്യയിൽ മാത്രം കൊണ്ടുപോയി കൊടുക്കുന്നു. ഇത് പ്രകടമായിട്ടുള്ള വിവേചനമാണെന്നു മാത്രമല്ല, നമ്മുടെ ചിലവിൽ നമുക്കെതിരായി നാളെ ഉണ്ടായിത്തീരാവുന്ന ഒരു പ്രക്രിയ അവിടെ നടക്കുന്നു; ഉത്തരേന്ത്യ പുഷ്ടിപ്പെടുത്തുന്നു. അതാണ് റബ്ബർ ബോർഡ് ചെയ്യുന്നത്. സർ, ഞാൻ നാളികേരത്തെപ്പറ്റി ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം.

സർ, 1975-ൽ നമ്മുടെ കേരളത്തിലെ നാളീകേര കൃഷിക്കാരുടെ സമുദ്ധാരണത്തിനുവേണ്ടി ഉടലെടുത്തതാണ് ഈ നാളീകേര വികസന കോർപ്പറേഷൻ. അക്കാര്യം പറയുന്നതിനു മുൻപ് മറെറാരു കാര്യം പറഞ്ഞുകൊള്ളട്ടെ, കഴിഞ്ഞവർഷം ഇവിടെ ഗുരുതരമായിട്ടുള്ള ഒരു കെടുതിയുണ്ടായി, അല്ലെങ്കിൽ വിലക്കുറവുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സിറിയക് ജോൺ, അങ്ങയുടെ സമയം കഴിഞ്ഞു. ഇവിടെ ഓരോ മെമ്പർക്കും ക്ലിപ്തപ്പെടുത്തിയ സമയമേയുള്ളൂ.

ശ്രീ. സിറിയക് ജോൺ : അങ്ങ് എനിക്ക് അല്പം സമയം കൂടി തരണം. ഞാൻ പെട്ടെന്ന് അവസാനിപ്പിച്ചുകൊള്ളാം. ഞാൻ മോഷൻ മൂവ് ചെയ്ത ആളല്ലേ?

അന്നു ഇതിനെ സംബന്ധിച്ച് ഈ നിയമസഭയിൽ ചർച്ച നടക്കും. പോരം കേന്ദ്രം വിദേശത്തുനിന്നും ഇറക്കുമതി ചെയ്യാൻ അനുവാദം കൊടുത്തതുകൊണ്ടാണ് ഈ ദുഃസ്ഥിതി ഉണ്ടായതെന്ന് പറഞ്ഞു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ചോദിച്ചത് എന്താണെന്നറിയാമോ? എന്ത് അസംബന്ധമാണ് ഈ പറയുന്നത് എന്നാണ്. അത് കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞ് പാർലമെൻറിൽ അത് സംബന്ധിച്ചുള്ള ചർച്ചയ്ക്കിടയിൽ കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ഭൂട്ടാസിംഗ് പറഞ്ഞു, ഇറക്കുമതി ചെയ്യുന്നുണ്ട്. യഥേഷ്ടം അനുവാദം കൊടുത്തുപോയി, അത് തെറ്റായിപ്പോയി, മേലിൽ തുടരുകില്ലെന്നൊക്കെ. അന്നേദിവസം ഒരു ചോദ്യത്തിനു മറുപടിയായി സഹമന്ത്രി ശ്രീ. യോഗേന്ദ്ര മക്വാന പറഞ്ഞു, കേരള ഗവൺമെൻറ് ഇക്കാര്യം സംബന്ധിച്ച് ഒരു പ്രൊപ്പോസൽ പോലും അയച്ചിട്ടില്ലെന്ന്. ശ്രീ. സുരേഷ് കുറുപ്പും, ഉണ്ണികൃഷ്ണനും ചോദിച്ച ചോദ്യങ്ങൾക്ക് മറുപടിയായി പറഞ്ഞതാണ്. അതിന്റെ അർത്ഥമെന്താണ്? ഇവിടെ ഇത്രമാത്രം ദയനീയമായിട്ടുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടും ഈ ഗവൺമെൻറ് അക്കാര്യത്തിൽ ഒരു 'അനങ്ങാപ്പാറ നയ'മാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അല്ലേ, എന്താണിതിന്റെ കാരണം? വ്യവസായികളെ സംബന്ധിച്ചിടത്തോളം ഇവിടെ വെളിച്ചെണ്ണയുടെ വില, കൊപ്രയുടെ വില, അത് എത്രത്തോളം താഴോട്ട് പോകുന്നോ അത്രത്തോളം ടാറായും ഹിന്ദുസ്ഥാൻ ലിവറിനും ഗോദ്റേജിനും അതുപോലെയുള്ള വൻകിട സോപ്പ് വ്യവസായികൾക്കും അതുകൊണ്ട് പ്രയോജനമുണ്ട്. അതുകൊണ്ട് ഈ രാജ്യത്തെ പാവപ്പെട്ടവരെ ഈ സംസ്ഥാനത്തെ ആകെ ഇങ്ങനെ ഒറ്റികൊടുക്കേണ്ടിയിരുന്നോ? ഇക്കാര്യത്തെ സംബന്ധിച്ചു പറയുമ്പോൾ കേന്ദ്രത്തെ മാത്രം അതിന് പഴിപറയാൻ പറ്റുകയില്ല. ഇവിടെ കോക്കനട്ട് ഡവലപ്പ്മെൻറ് കോർപ്പറേഷൻ ഉണ്ട്. മാതൃഭൂമി പത്രം കഴിഞ്ഞ 10, 11 തീയതികളിലേത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നു വായിച്ചു നോക്കണം. കേരളകൗമുദിയിൽ പടമുണ്ട്, അതും മുഖ്യമന്ത്രി കാണണം, വായിക്കുകയും വേണം. സോഷ്വൻറ് എക്സ്ട്രാക്ഷൻ പ്ലാൻറ് ഇന്നൊരു ടാർപാളിൻ ചുവട്ടിൽ ഇങ്ങനെ ഒളിഞ്ഞു കഴിയുന്ന ഒരു പടമൊക്കെ വന്നിട്ടുണ്ട്. അതിനെപ്പറ്റി ധാരാളം വിവരങ്ങളുണ്ട്. ഇവിടെ വെളിച്ചെണ്ണയുടെ വില കുത്തനെ താണപ്പോൾ കോർപ്പറേഷൻ എന്താണ് ചെയ്തത്? കോർപ്പറേഷൻ അടച്ചുപൂട്ടി, അവരുടെ ഡിപ്പോകളെല്ലാം അടച്ചുപൂട്ടി, അവർ പർച്ചെയിസ് നടത്തിയില്ലെന്ന് മാത്രമല്ല, മാർക്കറ്റിംഗ് ഫെഡറേഷൻവഴിയും നാഫെഡ് വഴിയും സംഭരിച്ച കൊപ്രയും അവിടെ ആട്ടുന്നതിനുപകരം സ്വകാര്യ മില്ലുകളെ ഏൽപ്പിച്ചു. എന്നിട്ട് കോർപ്പറേഷനിൽ ജോലി ചെയ്തിരുന്നവർക്ക് ജോലി ഇല്ലാതാക്കുകയും സ്വകാര്യ മില്ലുകാർക്ക് വൻ ലാഭം ഉണ്ടാക്കി കൊടുക്കുകയും ചെയ്തു. ആരാണ് ഈ സ്വകാര്യമില്ലുകാർ? സുന്ദർദാസ് എന്ന് പറയുന്നത് ശ്രീ. കെ. കരുണാകരന്റെ ഏറ്റവും അടുത്ത സുഹൃത്താണ്. പാവം ആനേറായോടൊപ്പം ഡിസ്റ്റിലറി തുടങ്ങാൻ ലൈസൻസിനുവേണ്ടി ശ്രമിച്ച ആളാണ്. മലയാള മാസത്തിൽ 1-ാം തീയതി തോറും ഗുരുവായൂരപ്പനെ കാണാൻ പോകുന്നതു പോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ വടക്കെങ്ങാനും പോയാൽ സുന്ദർദാസിന്റെ വീട് സന്ദർശിക്കാതെ ശ്രീ. കെ. കരുണാകരൻ തിരിച്ചുപോരില്ല. ആ സുന്ദർ ദാസിന് മാത്രം കരുണാകരന്റെ നിർദ്ദേശാനുസരണം ഈ കോൺട്രാക്റ്റ് കൊടുത്ത വകയിൽ ഒരു കോടി രൂപയോളം ലാഭമുണ്ടായിട്ടുണ്ട്. അതുപോലെ 3 കോടി രൂപയെങ്കിലും ഈ യിനത്തിൽ ഈ കള്ളക്കച്ചവടം നടത്തി ശ്രീ. കരുണാകരനും കറക്കു കമ്പനിയും കോർപ്പറേഷനെ കബളിപ്പിച്ച് അവിഹിതമായി തട്ടിയെടുത്തു. ഇതൊക്കെ കേരളത്തിലെ പാവപ്പെട്ട കൃഷിക്കാരുടെ നേരെയുള്ള അങ്ങേയറ്റത്തെ കടുത്ത വഞ്ചനയാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തണം. വെളിച്ചെണ്ണയും കൊപ്രയും ഇവിടെ ഇറക്കുമതി ചെയ്യാൻ പാടില്ലെന്ന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, ബഹുമാനപ്പെട്ട ശ്രീ. സിറിയക് ജോൺ ഇവിടെ പറഞ്ഞിട്ടുള്ള കാര്യം കേരളത്തിലെ സാമ്പത്തികസ്ഥിതിയും വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെടുത്തി നോക്കുമ്പോഴും വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു കാര്യം തന്നെയാണ്. അവസാനം അല്പം പാളിപ്പോയി എങ്കിലും ആദ്യത്തെ ഭാഗം അദ്ദേഹം പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ ഒരഭിപ്രായമെനിക്കില്ല. 6.76 ലക്ഷം ഹെക്ടറിൽ നമ്മുടെ സംസ്ഥാനത്ത് 2,964.6 ദശലക്ഷം നാളികേരമാണ് ഉൽപ്പാദിപ്പിക്കുന്നത്. മൊത്തം 44.80 ശതമാനത്തോളം ഉല്പാദനത്തിന്റെ ഒരു ഭാഗമായി ഇത് വരുന്നുവെന്ന് പറഞ്ഞാൽ അത് നമ്മുടെ സാമ്പത്തിക മേഖലയിൽ ഉണ്ടാക്കുന്ന സ്വാധീനം എത്രമാത്രം ആണെന്നിവിടെ വിശദീകരിക്കാതെ തന്നെ മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്ത് സാധാരണഗതിയിൽ നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. മറ്റ് സ്റ്റേറ്റുകളെ അപേക്ഷിച്ച് ഇപ്പോഴും കുറവാണ്. മറ്റു സ്റ്റേറ്റുകളിൽ നാളികേരത്തിന്റെ ഉല്പാദനം വർദ്ധിച്ചിരിക്കുന്നു. ഇവിടെ വളരെ പ്രസക്തമായ ഒരു കാര്യത്തിലേക്ക് ബഹുമാനപ്പെട്ട ശ്രീ. സിറിയക് ജോൺ കടന്നു വന്നില്ല. ഇപ്പോൾ റബ്ബറിന്റെ വില കുറഞ്ഞിരിക്കുന്നു, നാളീകേരത്തിന്റെ വില കുറഞ്ഞിരിക്കുന്നു, ഈ സാഹചര്യത്തിൽ കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന കേരള സംസ്ഥാനത്തിലെ കൃഷിക്കാരുടെ ജീവിതഭാരം വർദ്ധിച്ചിരിക്കുന്ന ഒരു സാഹചര്യത്തിൽ അതിനെ സമീപിക്കേണ്ട മെത്തേഡ് എന്താണെന്നുള്ളതിനെക്കുറിച്ച് നമ്മൾ പരിശോധിക്കണം. അത് പരിശോധിക്കേണ്ടതായിട്ടുള്ള വിഷയമാണെന്ന് എനിക്ക് തോന്നുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കാർഷികവരുമാനം 26.2 ശതമാനം നാളികേരത്തിൽ നിന്നും ഉണ്ടാകുന്നു. അത് മൊത്തം വരുമാനത്തിന്റെ ഏകദേശം രണ്ടേകാൽ ശതമാനമായിരിന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്.

നാളികേരത്തിന്റെ വില ഒരിക്കലും അനുസ്യൂതമായി നിന്നിട്ടില്ലെന്നുള്ളതാണ് ഒരു വസ്തുത. ഏറ്റക്കുറച്ചിലുകളോടുകൂടി ചിലപ്പോൾ വില ക്രമാതീതമായി വർദ്ധിക്കുകയും ചിലപ്പോൾ വല്ലാതെ കുറഞ്ഞു പോവുകയും ചെയ്യുന്ന ഒരു സാഹചര്യമുണ്ട്. മുൻപുകാലത്ത് ഈ നാളികേരത്തിന്റെ വിലയും അരിയുടെ വിലയും തമ്മിൽ ഒരു സമന്വയം ഉണ്ടായിരുന്നു. അതുപോലെതന്നെ ആയിരം നാളീകേരം ഉരിച്ച് വിറ്റാൽ അല്ലെങ്കിൽ കൊപ്രയാക്കി കൊണ്ടുപോയാൽ അതിന്റെവിലയും ഒരു പവന്റെ വിലയും ബന്ധപ്പെട്ട് കിടന്നിരുന്നു. ഒരു പവന്റെ വിലയും 1000 നാളികേരത്തിന്റെ വിലയും ഏകദേശം തുല്യമായിരുന്നു. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഒരു തേങ്ങയുടെ വിലയും ഒരു ഇടങ്ങഴി അരിയുടെ വിലയും താരത മ്യപ്പെടുത്തി നോക്കിയാൽ ഏകദേശം ഏറെക്കുറെ ശരിയായി വന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ സമമ്പയസ്ഥിതി ഇന്ന് നമ്മുടെ സംസ്ഥാ നത്തു നിന്നും അപ്രത്യക്ഷമായിരിക്കുന്നു. അതിന്റെ കാരണമാണ് നമ്മൾ കണ്ടുപിടിക്കേണ്ടത്. വെളിച്ചെണ്ണയുടെ വില വർദ്ധിച്ചാൽ മാത്രമേ നാളി കേരത്തിന്റെ വില വർദ്ധിക്കുകയുള്ളൂ എന്നുള്ളതാണ് സ്ഥിതി.

സർ, വളരെക്കാലമായി ഇപ്പോഴത്തെ നിയമസഭയ്ക്കകത്തും പുറത്തും കേര ളത്തിലെ കൃഷിക്കാരെല്ലാം തന്നെ പറഞ്ഞു നടക്കുന്ന ഒരു കാര്യം വെളിച്ചെ ണ്ണയുടെ ഉപയോഗം എന്തിനാണ് ഉപയോഗപ്പെടുത്തുകയെന്നുള്ളത് നാം ആദ്യമായി ചിന്തിക്കണം. അത് ഡിഫൈൻ ചെയ്യേണ്ടതായിട്ടുണ്ട്. നമുക്ക റിയാം, ഇന്ന് നാളികേരത്തിന്റെ വില നിശ്ചയിക്കുന്നത് കേരള സർക്കാർ അല്ല, കേരളത്തിലെ ജനങ്ങളുമല്ല. ഉത്തരേന്ത്യൻ ലോബിയിൽ വളരെ വലിയ കുത്തക വ്യവസായങ്ങളും നടത്തുന്ന ചില വ്യവസായികളാണ് നാളികേര ത്തിന്റെ വില നിയന്ത്രിക്കുന്നതെന്നുള്ളതാണ് യാഥാർത്ഥ്യമാണ്, നമ്മൾ അതിനെതിരെ ഒരു വിമുഖഭാവമൊന്നും നടിച്ചിട്ട് കാര്യമില്ല. വസ്തുത അതാണ്. ന്യൂ ഡൽഹിയിലും മറ്റ് കേന്ദ്രങ്ങളിലുമായി പ്രവർത്തിക്കുന്ന ഒരു റബ്ബർ ലോബി ഉണ്ടായിരുന്നുവെന്ന് പറയപ്പെട്ടിട്ടുണ്ട്. ഈ നിയമസഭയിൽ ഒരുവട്ടം ഞാനത് പറഞ്ഞിരുന്നു. അതുപോലെ ഒരു വെളിച്ചെണ്ണ ലോബി നമ്മുടെ സ്റ്റേറ്റിനേറ്റുമാത്രമായി ഡെവലപ്പ് ചെയ്ത് എടുക്കാനും, തേങ്ങയുൽപ്പാദിപ്പിക്കുന്ന സ്റ്റേറ്റുകളുടെ മുഴുവൻ ഒരു കോ-ഓർഡിനേറ്റഡ് കമ്മിറ്റിയോ അങ്ങനെയുള്ള ഒരു സംവിധാനമോ ഉണ്ടാക്കിക്കൊണ്ട് വെളിച്ചെണ്ണയുടെ വില നിയന്ത്രിക്കാൻ ഈ വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന അതല്ലെങ്കിൽ അതിന്റെ അസംസ്കൃത വസ്തുവായ തേങ്ങ ഉല്പാദിപ്പിക്കുന്ന സ്റ്റേറ്റുകൾക്ക് സാധിക്കണം എന്നുള്ള നിലയ്ക്ക് ഒരു ലോബി നമുക്കില്ലാതെ പോയി എന്നുള്ളതാണ് അതിന്റെ ഏറ്റവും അടിസ്ഥാനപരമായ ഒരു കാരണം. വെളിച്ചെണ്ണ പല വിദഗ്ദ്ധൻ മാരും, പല ലോബികളും ഇന്ന് കണക്കാക്കുന്നത് ഒരു ഭക്ഷ്യവസ്തുവെ ന്നുള്ള നിലയ്ക്കാണ്. സത്യത്തിൽ വെളിച്ചെണ്ണ ഭക്ഷ്യവസ്തുവല്ല. ഭക്ഷ്യ വസ്തുവായി ഉപയോഗിക്കുന്നത് വെളിച്ചെണ്ണയുടെ ഉൽപ്പാദനത്തിന്റെ മൊത്തം ശതമാനത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമാണ്. എന്റെ കണക്ക് ശരിയാകണമെന്നില്ല, ഞാൻ ഏകദേശം കണക്കുകൂട്ടി സ്ഥിതി വിവരക്കണ ക്കുകളെല്ലാം. എടുത്തു പരിശോധിച്ചപ്പോഴത്തെ നമ്മുടെ മൊത്തം വെളിച്ചെണ്ണ യുടെ ഉൽപ്പാദനത്തിന്റെ ഏകദേശം 12 ശതമാനം മാത്രമാണ് ഭക്ഷ്യാവശ്യ ത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. ബാക്കി ഏകദേശം ഒരു മൂന്നോ നാലോ ശതമാനം കത്തിക്കുന്നതിനും മറ്റുമായി ഉപയോഗിക്കുന്നു. പിന്നെ പാക്കീസ് വേണ്ടി ഉപയോഗിക്കുന്നു. ബാക്കി മുഴുവൻ ഉൽപ്പാദനം കൊപ്രയും വെളിച്ചെണ്ണയുമെല്ലാം തന്നെ പോകുന്നത് വ്യാവസായികാവ ശ്യങ്ങൾക്കുവേണ്ടിയാണ്. ആ വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി വെളിച്ചെ ണ്ണയും കൊപ്രയും ഉപയോഗപ്പെടുത്തുന്നതിൽ ഒരു വിഭാഗം ആളുകൾ മറച്ചു വെക്കുന്നു. അത് ഡിഫൈൻ ചെയ്തു തരുന്നില്ല എന്നുള്ളതാണ് സത്യ ത്തിൽ ഈ വെളിച്ചെണ്ണയുടെ വില നിലവാരം കുറയാനുള്ള കാരണമെ ന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനൊരിരായി നമ്മുടെ സംസ്ഥാന സർക്കാരിനും, നമ്മുടെ നാട്ടിലെ കൃഷിക്കാർക്കും എന്തു ചെയ്യാൻ കഴിയുമെന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു പ്രശ്നം. ഇറക്കുമ തിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ശ്രീ. സിറിയക് ജോൺ ഇവിടെ സൂചിപ്പിച്ചു. എനിക്കു കിട്ടിയ കണക്ക് പ്രകാരം 1984-ന് ശേഷം ഇൻഡ്യയിൽ ആകെ ഇറക്കുമതി ചെയ്ത വെളിച്ചെണ്ണ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : അങ്ങ് ഈ പറഞ്ഞു വരുന്ന തിയറി കാക്ക പിടിക്കുന്നതുപോലെയാണ്. കാലു പിടിക്കാൻ ആളുണ്ടാക്കി എങ്കിലേ ഇക്കാര്യം നടക്കുകയുള്ളൂവെന്നാണോ പറയുന്നത്? തേങ്ങയുടെ വില നിലവാരം ഉൽപ്പാദനവുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൃഷിക്കാരന്റെ ആവശ്യം സാധിക്കത്തക്ക വിധത്തിലുള്ള ഒരു വിലനിലവാരത്തിൽ നിർത്തുന്നതിനെപ്പറ്റി എന്താണഭിപ്രായം. ഒരു ലോബി ഉണ്ടാക്കുന്നതിനെക്കുറിച്ചാണല്ലോ പറയുന്നത്? അങ്ങനെയൊരു ലോബിയുണ്ടാക്കിയെങ്കിൽ മാത്രമേ നടക്കുകയുള്ളൂവെന്നാണോ പറയുന്നത്. അതല്ലാതെ ഒരു പോളിസിയില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ഞാൻ പറയുന്നത് അതൊന്നുമല്ല. ഞാൻ കാക്ക പിടിക്കുകയെന്നൊന്നും ഉദ്ദേശിച്ചില്ല. ഇപ്പോൾ റബ്ബറിനെ സംബന്ധിച്ചിടത്തോളം.....എനിക്ക് അതിനെക്കുറിച്ച് വിശദീകരിക്കാൻ സമയമില്ല. ഒരു പ്രാവശ്യം ബഹുമാനപ്പെട്ട ഗൗരിയമ്മ ഈ നിയമസഭയിൽ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. തേങ്ങയുടെയും വെളിച്ചെണ്ണയുടെയും ഒക്കെ വില കുറഞ്ഞതിനെ സംബന്ധിച്ച് നമ്മുടെ സ്റ്റേറ്റിൽ മൊത്തം ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണ നമ്മുടെ സ്റ്റേറ്റിന്റെ ആവശ്യത്തിൽ കൂടുതലാണോ കുറവാണോയെന്നുള്ള ഒരു ചോദ്യം അങ്ങ് ചോദിക്കുകയുണ്ടായി. മൊത്തം നമുക്കാവശ്യമുള്ള വെളിച്ചെണ്ണ എത്ര? ആ വെളിച്ചെണ്ണ എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നു എന്ന് ഡിഫൈൻ ചെയ്തു വന്നാൽ വളരെ ക്ലിയർ ആയി ഉത്തരം കിട്ടും ഈ വെളിച്ചെണ്ണ മുഴുവൻ തന്നെ വ്യാവസായികാവശ്യങ്ങൾക്കുവേണ്ടിയാണ് വിനിയോഗിക്കുന്നതെന്ന്. വളരെക്കുറച്ചു മാത്രമേ മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നുള്ളൂ എന്നത് ഒരു വസ്തുതയാണ്. അപ്പോൾ ഇറക്കുമതിയെക്കുറിച്ചാണ് ഞാൻ പറഞ്ഞു വരുന്നത്. ഏകദേശം 284 ലക്ഷം ടണ്ണോ മറ്റോ മാത്രമേ ഇവിടെ ഇറക്കുമതി ചെയ്തിട്ടുള്ളൂ. അതിനുശേഷം ഇറക്കുമതി ചെയ്തിട്ടില്ല. ഇത് തെറ്റാണെന്നുള്ള അഭിപ്രായമെനിക്കില്ല. ആവശ്യമാണെങ്കിൽ ഇറക്കുമതി ചെയ്യട്ടെ, പക്ഷേ ആവശ്യമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ, അതിന് ഒരു കണക്കുണ്ടോ? അതിന്റെ കണക്ക് എന്താണ്? ഈയിടെ ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ പറഞ്ഞതുപോലെ നമ്മുടെ ആഭ്യന്തര വിഭവശേഷി എത്രയാണ്? നമുക്ക് എത്ര വേണം എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ ഒരു കണക്ക് നമ്മുടെ മുൻപിൽ ഇല്ലാത്തിടത്തോളം കാലം എത്ര ഇറക്കുമതി ചെയ്തു? എത്രയാണ് നമുക്ക് ആവശ്യം എന്ന് തീരുമാനിക്കപ്പെടാത്തിടത്തോളം കാലം ഇത് ഒരു പ്രശ്നമായി വരുന്നു. അതാണ് എന്റെ വാദം. അപ്പോൾ ഞാൻ ഉദ്ദേശിക്കുന്നത് എന്താണെന്നുവച്ചാൽ നമ്മുടെ സ്റ്റേറ്റിന് ആവശ്യമുള്ള വെളിച്ചെണ്ണ എത്ര? ആ വെളിച്ചെണ്ണ എത്ര മാത്രം ഇവിടെ ലഭിക്കുന്നു? സർ കണക്ക് എന്റെ കയ്യിലുണ്ട്. അതിപ്പോൾ വായിക്കാൻ സമയമില്ല. എന്റെ കണക്ക് പ്രകാരം നമ്മുടെ ഇൻഡ്യാ രാജ്യത്തിന് ആവശ്യമായ വെളിച്ചെണ്ണ സത്യത്തിൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. അതിനാവശ്യമായ നാളികേരത്തിന്റെ പ്രൊഡക്ഷൻ ഇവിടെ കുറവാണ്. അതുകൊണ്ട് ഇറക്കുമതിയെന്നുള്ളത് ഏറ്റവും വലിയ ഭീഷണിയാണെന്നുള്ളത് ഞാൻ സമ്മതിക്കുമ്പോൾ തന്നെ നമ്മുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും കൊപ്ര കൂടുതലുണ്ടാക്കുകയും വെളിച്ചെണ്ണ ഉണ്ടാക്കുകയും ആ വെളിച്ചെണ്ണ വ്യാവസായിക വസ്തുവാണെന്ന് ഇൻഡ്യാ ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്താൽ ഈ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരമുണ്ടാകും എന്നാണെന്റെ വിശ്വാസം. ഈക്കാര്യം മാത്രം ഞാനിവിടെ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, നമ്മുടെ സംസ്ഥാന ഗവൺമെൻറിൻെറ നട്ടെല്ലില്ലായ്മയും പടിപ്പുകേടും കൊണ്ടു മാത്രമാണ് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ രണ്ടു കാർഷിക വാണിജ്യ വിളകളായ റബ്ബറും, നാളികേര കൃഷിയും തകർച്ചയിലേക്ക് പോയത്. ഉദ്ദേശം രണ്ടുലക്ഷത്തി നാല്പത്തായ്യിരം ടൺ റബ്ബർ ഇന്ത്യയിൽ ആഭ്യന്തര ഉപയോഗത്തിന് ആവശ്യമാണെന്ന് ഒരു കണക്കുണ്ടാക്കി. രണ്ടുലക്ഷത്തി അയ്യായിരം ടൺ ആഭ്യന്തര ഉൽപ്പാദനമുള്ളുവെന്നുകൂടി എസ്. ടി. സി. കണക്കുണ്ടാക്കി, 40,000 ടൺ യഥേഷ്ടം ഇറക്കുമതി ചെയ്യാൻ അവർക്ക് അവസരം കൊടുത്തു. വിളവെടുപ്പിൻെറ കാലത്തു അത് മാർക്കറ്റിൽ കൊണ്ടുവന്ന് വളരെ നിഷ്കരുണം റബ്ബറിൻെറ വിലയിടിച്ചതിനെതിരെ നോക്കുകുത്തികളെപ്പോലെ നോക്കി നിൽക്കുന്ന നിർഭാഗ്യകരമായ ഒരവസ്ഥയാണ് നമ്മുടെ സംസ്ഥാന ഗവൺമെൻറിനുള്ളത്. ഇവർ ഇനി എന്തു ചെയ്യും എന്നതിനെ ആശ്രയിച്ചാണ് ഇവരുടെ വോട്ടു നിൽക്കുന്നത്. ബാക്കിയുള്ള റബ്ബറിൻെറ വില നിശ്ചയിച്ച് എസ്. ടി. സി. യെക്കൊണ്ട് പ്രൊക്യൂവർ ചെയ്യിക്കുന്നതിന്, ഇറക്കുമതി ചെയ്ത റബ്ബർ മുഴുവൻ മാർക്കറ്റിൽ വരാതിരിക്കുന്നതിന് ആവശ്യമായ രീതിയിൽ എന്തെങ്കിലും സമ്മർദ്ദം കേന്ദ്രഗവൺമെൻറിൽ ചെലുത്തുന്നതിന് ഇവർക്കു കഴിയുമോ അഥവാ റബ്ബറിൻെറ കുത്തക വ്യാപാരികളുടെയെയ്ക്ക് ഇനി ഇറക്കുമതി ചെയ്ത് കൃഷിക്കാരെ പാപ്പരാക്കുന്നതിനു വേണ്ടി മൂകസാക്ഷികളായി നില്ക്കുമോ എന്നാണ് അറിയേണ്ടത്. എതായാലും ഇതുവരെ സംസ്ഥാന ഗവൺമെൻറ് എടുത്ത സമീപനംവച്ച് റബ്ബർ കൃഷിക്കാരനെ നാശത്തിലേക്ക് തള്ളിവിട്ടു പിടിപ്പുകേടോ റബ്ബർ കുത്തകക്കാരായ ലോബിയോടുള്ള ആഭിമുഖ്യമോ കേന്ദ്രഗവൺമെൻറിനെ കാണുമ്പോഴുള്ള മുട്ടു വൊക്കലോ എന്താണ് രോഗമെന്ന്, എനിക്ക് അറിഞ്ഞുകൂടാ. ഇങ്ങനെ പൊട്ടൻ പുട്ടുവിഴുങ്ങിയതുപോലെ ഒരു നിൽപ്പ് നിന്നാൽ റബ്ബർ കൃഷിക്കാരൻ നാശത്തിലേക്കാണ്. പോയിപ്പോയി ട്രഡിഷണൽ ഫ്രോബേഴ്സ് എന്ന പേരും പറഞ്ഞ് കേരളത്തിലെ ചെറുകിട കൃഷിക്കാരനു സബ്സിഡിപോലും നിഷേധിക്കുന്ന സ്ഥിതി വന്നതിനുശേഷവും കേരളാ ഗവൺമെൻറ് കമാശിവാ എന്നു ഉരിയാടിയിട്ടില്ല. എന്താണ് ഈ സംസ്ഥാന ഗവൺമെൻറിൻെറ ഈ കാര്യത്തിലുള്ള നിലപാടെന്ന് അറിയുന്നതിനു താൽപ്പര്യമുണ്ട്. ഈ രാജ്യത്തെ റബ്ബർ കൃഷിക്കാരനെ രക്ഷിക്കുന്നതിനു ആവശ്യമായ ഒരു പൊതു സമീപനം ഈ സർക്കാർ കൈക്കൊള്ളുകയും കേന്ദ്രഗവൺമെൻറിനെക്കൊണ്ട് ഇതിനാവശ്യമായ നയ സമീപനം അംഗീകരിപ്പിക്കുകയും റബ്ബറിനു നിശ്ചിതവില നിശ്ചയിച്ച് പ്രൊക്യൂവർ ചെയ്യുന്നതിനു ആവശ്യമായ സംവിധാനം ഉണ്ടാക്കുകയും ചെയ്യണമെന്ന് ഞാൻ അവശ്യപ്പെടുകയാണ്.

സർ, നാളികേരത്തിൻെറ കാര്യംപറഞ്ഞാൽ ഇതിനേക്കാളും കൂടുതൽ ദുഷ്കരമായ സ്ഥിതിയിലേക്കാണ് നാളികേര കൃഷിക്കാരെ തള്ളിവിട്ടത്. നാളികേരമാകെ വിലയിടിഞ്ഞപ്പോഴും ഈ സർക്കാരിൻെറ നയത്തിൻെറ രക്ഷകൊണ്ടാണ് ഇപ്പോഴും രക്ഷപ്പെട്ടത് എന്നാണ് നമ്മുടെ മുഖ്യമന്ത്രി പറയുന്നത്. നമ്മുടെ രാജ്യത്തുതന്നെ ക്ഷീണ എണ്ണയുടെ ദൗർലഭ്യം കൊണ്ട് ഈ മാസത്തിൽത്തന്നെ സ്വൽപ്പം വിലവർദ്ധനവ് ഉണ്ടായിട്ടുള്ളത് നേരാണ്. പല്ലിയാണ് ഉത്തരം തുങ്ങുന്നത് എന്നു പറഞ്ഞതുപോലെ ഞാനാണ് വിലപിടിച്ചു നിറുത്തിയത് എന്നു പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. വില വീണ്ടും ഇടിയാൻ പോവുകയാണ്. ഓരോ പ്രാവശ്യവും നമ്മുടെ മുഖ്യമന്ത്രി കേന്ദ്രത്തിൽ ചെന്ന് ഇറക്കുമതി അരുത് എന്നു പറയുന്നതിനുപകരം എനിക്ക് ഉപ്പുകിട്ടി "ഇറക്കുമതിയില്ല" എന്നാണ് ആവർത്തിച്ച് പറയുന്നത്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ പിൻപാട്ടുപോലെ ശ്രീ. കുട്ട്യാലി സാഹിബും പറഞ്ഞു 1984-നുശേഷം ഇറക്കുമതി ചെയ്തിട്ടില്ലായെന്ന്. കയറുമതിക്ക് പ്രോൽസാഹനം എന്ന നിലയ്ക്ക് കയറിയയ്ക്കുന്ന സാധനങ്ങളുടെ 10% വിലയ്ക്കു വരുന്ന വെളിച്ചെണ്ണ യഥേഷ്ടം ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്നതിന് നിയമ നിർമ്മാണം വഴി എക്സ്പോർട്ടേഴ്സിന് അധികാരം കൊടുത്തിട്ടുണ്ട്. യഥേഷ്ടം ഇന്ത്യയിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. തടയുന്നതിന് കഴിഞ്ഞിട്ടില്ല. അത് തടയാൻ അധികാരവുമില്ല.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : ഇപ്പോഴും ഇന്ത്യയിൽനിന്ന് കൊപ്ര കയറുമതി ചെയ്യുകയെന്നുള്ളതു് അപ്രസക്തമാണ്. കാരണം ലോകത്തിൽ തേങ്ങ ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ മൂന്നാമത്തെ രാജ്യം മാത്രമാണു നമ്മുടെ രാജ്യം. അപ്പോഴും അങ്ങോട്ട് കയറുമതി ചെയ്യുക എന്നുള്ളതിനു യാതൊരു പ്രസക്തിയുമില്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : കയറുമതിയെക്കുറിച്ചല്ല പറഞ്ഞത്. വെളിച്ചെണ്ണ ഇറക്കുമതിയെക്കുറിച്ചാണ് സംസാരിച്ചത്. ശ്രദ്ധിച്ചിരുന്നാൽ മനസ്സിലാകും. കയറുമതി പ്രോൽസാഹിപ്പിക്കുന്നതിന്റെ വ്യവസ്ഥയനുസരിച്ച് കയറുമതി വ്യാപാരികൾക്ക് അവർ കയറുമതിനടത്തുന്ന ചരക്കുകളുടെ 10% വിലയ്ക്ക് വരുന്ന വെളിച്ചെണ്ണ യഥേഷ്ടം ഇറക്കുമതി ചെയ്യുന്നതിന് ഇന്ത്യാ ഗവൺമെന്റ് അധികാരം നൽകിയിട്ടുണ്ട്. അതിന് ഒരു നിയമം നിർമ്മിച്ചിട്ടുണ്ട്. അത് യഥേഷ്ടം നടത്തുന്നു. കഴിഞ്ഞ മാസത്തിലടക്കം കൽക്കട്ട പോർട്ടിൽ പതിനായിരത്തിലധികം ടൺ വെളിച്ചെണ്ണ വന്ന് ക്യാംപ് ചെയ്തു കിടക്കുന്നതായി പത്രത്തിൽ വാർത്തവന്നു. പക്ഷെ മുഖ്യമന്ത്രി പറയും വന്നില്ല, കേന്ദ്രഗവൺമെന്റ് വരില്ലായെന്ന് ഉറപ്പു പറഞ്ഞുവെന്ന്. ഞങ്ങൾക്ക് കേന്ദ്രത്തിൽനിന്ന് പൊന്നുപോലത്തെ കത്തു കിട്ടിയിട്ടുണ്ട് 'ഇറക്കുമതിയില്ല' സൂക്ഷിക്കണമെന്ന് കർഷക പ്രതിനിധികളുടെ യോഗത്തിൽ ശ്രീ. തച്ചടി പ്രഭാകരൻ പറഞ്ഞു. പണ്ട് നമ്പൂതിരി പറഞ്ഞതുപോലെ പെട്ടിപോയാലും താക്കോൽ എന്റെ അരയിലുണ്ടെന്ന്. കേന്ദ്രത്തിലെ കത്ത് ശ്രീ. തച്ചടി പ്രഭാകരന്റെ കീശയിൽ, യഥേഷ്ടം വെളിച്ചെണ്ണ ഇറക്കുമതി. തടയാൻ ആളില്ല. ചോദിക്കാൻ ആളില്ല. വിലയിടിഞ്ഞുകൊണ്ടുപോകുന്നു. വിലയിടിവിനെതിരായി പൊതു സംവിധാനമുണ്ടാക്കുമെന്ന് നിയമസഭയിൽ ആവർത്തിച്ച് പറഞ്ഞു. ഞങ്ങളും കൊപ്ര പ്രൊക്യൂവർ ചെയ്യും നിശ്ചിത വിലനിലവാരം ഞങ്ങളും പിടിച്ചുനിറുത്തും എന്നൊക്കെ പറഞ്ഞു. എന്താണ് ചെയ്തത് ? കൊപ്ര പ്രൊക്യൂവർ ചെയ്യുന്ന നടപടിയുടെ ഫലമായി ഖജനാവിലെ പൊതു സ്വത്ത് വളരെയേറെ ധൂർത്തടിച്ചുവെന്നു മാത്രമല്ല കൊപ്രയെ ആധാരമാക്കി നമ്മുടെ സംസ്ഥാനത്തുള്ള ഏക പൊതുമേഖലാവ്യവസായം, കോക്കനട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വ്യവസായത്തെ തകർത്തു. ആ വ്യവസായം തകർത്ത കുറെവാളികളാണ് ഇവിടെയിരിക്കുന്നത്. കൊപ്രവാങ്ങുക, വെളിച്ചെണ്ണയുണ്ടാക്കുക, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ വിറ്റഴിക്കുക അങ്ങനെ യഥേഷ്ടം നടത്തിയിരുന്ന കമ്പനിക്കാരോട് കൊപ്ര വാങ്ങരുത് എന്നു പറഞ്ഞു. മാർക്കറ്റിംഗ് ഫെഡറേഷൻ കൊപ്ര വാങ്ങിക്കും. അതിന് ആര്യാടൻ മുഹമ്മദിനെയും പങ്കുകാരനായ ശ്രീ. തച്ചടി പ്രഭാകരനെയും ഏർപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ കൊപ്ര കൂലിക്ക് ആട്ടി കൊടുത്താൽ മതി. എന്നിട്ട് ആ വെളിച്ചെണ്ണ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം ഈ സംസ്ഥാനത്ത് വിറ്റഴിച്ച് ബുദ്ധിമുട്ട് തീർക്കാമെന്നാണ്. ഏതാണ്ട് തുക്കുക്കിന്റെ പരിഷ്ക്കാരം പോലേയാണ് അവർ കണ്ടത്. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും നല്ല മാർക്കറ്റുണ്ടായിരുന്ന "കേരജം" പ്രൊഡക്ഷൻ കുഞ്ഞകാർക്കുവേണ്ടി നിറുത്തി. അവർ ഇന്ന് എണ്ണ ആട്ടുന്നില്ല. ആ മില്ലുകൾ അടച്ചിടാൻ പോകുന്ന പരുവത്തിലാണ്. അടഞ്ഞു കിടന്നിരുന്ന കുറെ മില്ലുകൾ വാടകയ്ക്കെടുത്തു. എന്തിനുവേണ്ടി ? സുന്ദരൻനാടാരടക്കമുള്ള ചിലരുടെ പേരുകൾ ശ്രീ. സിറിയക് ജോൺ പറഞ്ഞു. ഞാൻ അഴിമതിയായിട്ട് ഇവരെക്കുറിച്ച് ഒന്നും ആരോപിക്കുന്നില്ല. കാരണം അഴിമതിയെക്കുറിച്ച് പറഞ്ഞാൽ നാണമില്ലാത്തവരെക്കുറിച്ച് അഴിമതി പറയുന്നവനാണ് മോശം. ഞാൻ പറയുന്നില്ല. പക്ഷെ ഈ സംസ്ഥാന ഗവൺമെൻറിന് ആത് മാഭിമാനമുണ്ടെങ്കിൽ മാതൃഭൂമി പത്രം തുടർച്ചയായി എഴുതിയ ആർട്ടിക്കിളിനെതിരെ ഒരു നോട്ടീസ് കൊടുക്കാനുള്ള തൻേറടമെങ്കിലും കാണിക്കണമായിരുന്നു. എത്ര മില്ലുകളാണ് ഏറെടുത്തത്, എന്തു അഴിമതിയാണ് നടത്തിയത്, കൊപ്ര വാങ്ങിച്ചതാണ് അഴിമതി, എത്ര കോടി രൂപ പൊതു ജനാവിൽനിന്ന് നഷ്ടപ്പെടുത്തി എന്നൊക്കെ അവർ പറഞ്ഞു. ആ വ്യവസായം തകർത്തതാണ്. മിണ്ടാട്ടമില്ല. നിയമസഭയ്ക്കകത്ത് വന്നാൽ പറയും ചട്ടമനുസരിച്ച് എഴുതികൊടുത്തുവേണം ഉന്നയിക്കാനെന്ന്. നിയമസഭയുടെ സംരക്ഷണമില്ലാതെ ഈ രാജ്യത്തെ പൊതു പ്രവർത്തകൻമാരും പത്രങ്ങളും പരസ്യമായി അക്കമിട്ട് നിരത്തിയതിനെക്കുറിച്ച് കൃഷിവകുപ്പ്, മന്ത്രിക്ക് മിണ്ടാട്ടമില്ല. മുഖ്യമന്ത്രിക്ക് മിണ്ടാട്ടമില്ല. ആകെ പരുവക്കേടാക്കി. ഇപ്പോഴും സംഭരണമില്ല. കൊപ്രാ വാങ്ങുന്നതിനെക്കുറിച്ച് പറയുന്നില്ല. വെളിച്ചെണ്ണയാട്ടുന്നതിനും വ്യവസായമില്ല. ആ വ്യവസായം തകർത്തു. വീണ്ടും വെളിച്ചെണ്ണ വിലയിടിയുന്നത് നോക്കികണ്ടുകൊണ്ട് നോക്കിനിൽക്കുകയല്ലാതെ യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ലാത്ത കുറെകരമായ ഒരു സമീപനമാണ് ഈ സംസ്ഥാന ഗവൺമെൻറ് കൈക്കൊള്ളുന്നത്. കൊപ്ര സംഭരിക്കുന്നതിനുള്ള നടപടികളും വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ആ സംഭരിച്ച കൊപ്ര നമ്മുടെ പൊതു മേഖലാ വ്യവസായത്തിൽപ്പെട്ട സംഭരണ ശാലകളിലൂടെ ആട്ടി എണ്ണയാക്കി മറ്റുസംസ്ഥാനങ്ങളിലേക്ക് മാർക്കറ്റു ചെയ്യുന്നതിനുള്ള ഏർപ്പാടുകളും അനുസ്യൂതം തുടരണം. സംസ്ഥാനത്തുണ്ടാക്കുന്ന കൊപ്രയുടെ 15-20% എങ്കിലും പ്രൊക്യൂവർ ചെയ്തുകൊണ്ട് മാർക്കറ്റ് കൺട്രോൾ ചെയ്യാൻ കഴിയാത്തപക്ഷം ഇതിൻെറ വിലയിടിവ് തടഞ്ഞുനിറുത്താൻ കഴിയുകയില്ല. അതിനുവേണ്ടി പണം അനുവദിക്കുകയും ആവശ്യമായ സംവിധാനമുണ്ടാക്കുകയും വേണം. സംവിധാനമുണ്ടാക്കുന്നതിനു പകരം പണം അനുവദിച്ചാൽ വാരിക്കൊണ്ടുപോകേണ്ടതെ എങ്ങനെയാണെന്നാണ് ആലോചിക്കുന്നത്. തിരുവങ്ങൂർ മില്ല് അങ്ങയുടെ സ്ഥലത്തിനടുത്താണ്. സംസ്ഥാനത്താകെ അതിൻെറ പർച്ചേസ് സെൻറർണ് തുറന്നത്. എല്ലായിടത്തും ആളുകളെ വയ്ക്കും, എല്ലാ പാർട്ടിക്കാർക്കും, എല്ലാ എം. എൽ. എ. മാർക്കും ഭരണപക്ഷത്തുള്ളവർക്കും നന്നാലാളെ. എന്നിട്ട് അവർക്ക് ഇപ്പോഴും ശമ്പളം കൊടുക്കാനില്ല. ഇപ്പോഴും അടച്ചുപൂട്ടി. അവരോട് നടന്നോളാൻ പറഞ്ഞു. എന്നാൽ അവർ പറഞ്ഞു. കൊടുത്ത കാശ് തിരിച്ചുകിട്ടണമെന്ന്. ഞാൻ അഴിമതി ആരോപിക്കുന്നില്ല. അഴിമതിയില്ലാത്ത മാന്യൻമാരുടെ ഭരണമാണല്ലോ ഇത്. രാജ്യദ്രോഹപ്രവൃത്തിനു മുൻതൂക്കം കൊടുക്കാതെ എവിടെയും എന്തും ചെയ്തു സ്വന്തം കാര്യം നേടാനുള്ള ഉപാധികളാക്കിയിട്ട് ഈ വ്യവസായത്തെയും ഈ ഏർപ്പാടിനെയും തകർത്തതിൻെറ കുറ്റവാളികളുടേതായിട്ടുള്ള സമീപനമാണ് വീണ്ടും വെളിച്ചെണ്ണയുടെ കാര്യത്തിലും കൊപ്രയുടെ കാര്യത്തിലും ഈ വിലയിടിവ് ഉണ്ടാക്കിയത്. ഇതിൽനിന്ന് മാറി ഈ സംസ്ഥാനത്തുണ്ടാകുന്ന 20% കൊപ്രയെങ്കിലും നിശ്ചിത വിലനിശ്ചയിച്ച് സംഭരിക്കുന്നതിനുള്ള നടപടിയെടുക്കുകയും ഇറക്കുമതിക്കെതിരായി ശക്തിയായി കേന്ദ്രഗവൺമെൻറിൻെറ അടുത്ത് സമ്മർദ്ദം ചെലുത്തുകയും റബ്ബർ ഇറക്കുമതിയെ

LIBRARY ARCHIVES Kerala Legislative Assembly

തടയുകയും ഇറക്കുമതി ചെയ്ത റബ്ബറും നിലവിലുള്ള റബ്ബറും സ്വരൂപിക്കുന്നതിന് വിലനിശ്ചയിച്ചുകൊണ്ട് സംഭരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്തുകൊണ്ട് കേരളത്തിലെ നാണ്യ വിളകളെ രക്ഷിക്കാൻ ആവശ്യമായ ഒരു പൊതുവായ സമീപനം ഈ ഗവൺമെൻ്റ് കൈക്കൊള്ളണം. കൈക്കൊള്ളാത്തപക്ഷം കേരളത്തിലെ കർഷക ജനത നിങ്ങളെ വെറുതെ വിടാൻ പോകുന്നില്ല. കുറേവാളികളെപ്പോലെ വളഞ്ഞുവച്ച് നിങ്ങളെക്കൊണ്ട് കണക്ക് പറയിപ്പിക്കുന്ന ദിവസം വിദൂരത്തായിരിക്കുകയില്ലായെന്ന് ഓർമ്മപ്പെടുത്തികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി : സർ, കേരളത്തിലെ ഏതാണ്ട് 60 ശതമാനം ആളുകളുടെ ജീവനോപാധിയായ തേങ്ങയുടേയും റബ്ബറിന്റേയും വില നിലവാരം മറ്റു ഉല്പന്നങ്ങളെ അപേക്ഷിച്ച് പിടിച്ചുനിറുത്താൻ നമുക്കു കഴിയുന്നില്ല. കൊപ്രയ്ക്കും റബ്ബറിനും മറ്റു സാധനങ്ങൾക്കു വില വർദ്ധിച്ചതുപോലെ വർദ്ധിച്ചുവെങ്കിലും പിന്നീട് അതിന്റെ വില താണു. ഇന്നു അല്പം വില വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. തേങ്ങയുടെ വില താഴ്ന്നപ്പോൾ അതു പിടിച്ചു നിറുത്താൻ കേരളാ ഗവൺമെൻറു രംഗത്തു വന്ന് നഷ്ടം സഹിച്ചു ധാരാളം പ്രവർത്തിച്ചുവെങ്കിലും അല്പം വില വർദ്ധിച്ചുവെന്നതല്ലാതെ വിലനിലവാരം മറ്റു വില വർദ്ധനയുമായി താരതമ്യപ്പെടുത്തുമ്പോൾ തേങ്ങയുടെ വില വളരെ പിന്നിലാണ് നിൽക്കുന്നത്. നമ്മുടെ സമ്പദ്ഘടനയെ ആകമാനം ബാധിക്കുന്ന ഇക്കാര്യത്തിനുവേണ്ടി ഗവൺമെൻറ് ജാഗരൂകമായി പലതും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വെളിച്ചെണ്ണ ഉപയോഗിക്കുന്ന സ്ഥാനത്തു പാമോയിൽ ഉപയോഗിക്കുന്ന ശീലം നമ്മുടെ കേരളക്കാർ സ്വീകരിച്ചിരിക്കുകയാണ്. പരമാവധി അതിന്റെ ഉപയോഗം കുറയ്ക്കാൻ വേണ്ടതു ചെയ്യണം. കർണ്ണാടകയിലും തമിഴുനാട്ടിലും സഞ്ചരിച്ചാൽ അവിടങ്ങളിൽ മുഴത്തിനു മുഴത്തിനു ഇളനീർ വില്പനയ്ക്കുള്ള ഏർപ്പാടുകൾ നിരന്തരമായി കാണാം. ഇവിടെ സ്വകാര്യവ്യക്തികളിലാകട്ടെ ഗവൺമെൻറുടമയിലാകട്ടെ ഒരു ടൂറിസ്റ്റ് ഇവിടെ സന്ദർശിച്ചാൽ ഒരു ഇളനീരുകിട്ടാൻ രാജ്യം മുഴുവൻ സഞ്ചരിച്ചാൽ സാധിക്കുകയില്ല. ഇതാണ് നമ്മുടെ ചുറ്റുപാട്. മിൽമയുടെ പാലും മറ്റും വിൽക്കാൻ ബങ്കുകളുടെയും മറ്റും ഏർപ്പാടുകൾ നിരന്തരമായി ചെയ്യുന്നുണ്ട്. ഇവിടെ ഒരു സോഡായ്ക്ക് ഒന്നേകാൽ രൂപ വിലയുണ്ട്. മൂന്നു രൂപയ്ക്കു ഒരു ഇളനീരു വിറ്റാൽ അതിലടങ്ങിയിരിക്കുന്ന പോഷകങ്ങളും അതു ശരീരത്തിനുചെയ്യുന്ന ഗുണങ്ങളുമെല്ലാം കണക്കിലെടുത്തു അതു ഉപയോഗിക്കുന്ന ശീലം സാർവ്വത്രികമായി ഇവിടെ ഉണ്ടാക്കാൻ കഴിയണം.

സർ, തേങ്ങാപ്പൊടി കയറ്റുമതി ഫിലിപ്പീൻസിന്റെ കുത്തകയായിരിക്കുകയാണ്. വിദേശരാജ്യങ്ങളിലെല്ലാം ആ തേങ്ങാപ്പൊടി ഇന്നു ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിലയിൽ ഒരു ശുദ്ധ ഇക്കാര്യത്തിൽ ഉണ്ടായിഎങ്കിൽ മാത്രമെ കേരളത്തിന്റെ സമ്പദ്ഘടന നമുക്കു പിടിച്ചു നിറുത്താൻ സാധിക്കുകയുള്ളൂ. ഇവിടെ ഭൂപരിഷ്കരണ ബിൽ പാസ്സാക്കിയതോടുകൂടി വൻകിടക്കാരിൽനിന്നും തെങ്ങുകൃഷി ഇടത്തരക്കാരിലും സാധാരണക്കാരിലും എത്തിച്ചേർന്നിരിക്കുന്നു. ഇവരുടെ ജീവിതോപാധി ഈ നിലയ്ക്കു പോകുകയാണെങ്കിൽ വളരെ പിന്നോട്ടു പോകുന്ന ചുറ്റുപാടുകൾ നമുക്കു അനുഭവിക്കേണ്ടി വരും. പഞ്ചാബിലെ നെല്ലുല്പാദനം ഒരു റിക്കാർഡു സംഭവമായി മാറിയിരിക്കുന്നു. ആ രൂപത്തിൽ നിരന്തരമായ ഒരു ശ്രമം ഈ രംഗത്തു നാം എടുക്കണം. ഇവിടെ ഇറിഗേഷൻ പദ്ധതികൾ സാർവ്വത്രികമായി നടപ്പാക്കിയിട്ടുണ്ട്. നെല്ലു നന്നയ്ക്കാനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു പറയാനുള്ളത് കേരളത്തിൽ വർഷിക്കുന്ന മഴയും അണക്കെട്ടുകളിൽ കെട്ടിനിറുത്തി സംരക്ഷിക്കാൻ കഴിയുന്ന ജലവും പൂർണ്ണമായി ഉപയോഗപ്പെടുത്തി മുഴുവൻ തെങ്ങും ഫ്രീയായി നനയ്ക്കാനുള്ള പദ്ധതികളും ആവിഷ്കരിക്കണമെന്നാണ്. അങ്ങനെ വളരെ ബൃഹത്തായ നിലയിൽ നമ്മൾ മുന്നോട്ട് പോയില്ലെങ്കിൽ ഒരുവശത്ത് ഉല്പാദനം കുറഞ്ഞുകൊണ്ടിരിക്കുകയും മറുവശത്തു വില നിലവാരം താണുകൊണ്ടിരിക്കുകയും ചെയ്യും. ഈ രണ്ടു പ്രക്രിയ അനുസ്യൂതം തുടർന്നാൽ നമ്മുടെ നാട് എന്താകുമെന്നതിനെ സംബന്ധിച്ച് നാം ചിന്തിച്ചിട്ടില്ല. പണിക്കാരുടെ കൂലി, കീടനാശിനികളുടെ വില, വളത്തിന്റെ വില വർദ്ധനവ് ഇതെല്ലാം ഇന്നു പിടിച്ചു നിൽക്കാൻ കഴിയാത്ത ചുറ്റുപാടിൽ എത്തിയിരിക്കുന്നു. കർഷകർ എന്തു ചെയ്യും. അവരുടെ സ്ഥിതി വളരെ ദയനീയമാണ്. തെങ്ങിൽനിന്നും ഉല്പാദിപ്പിക്കുന്ന മുഴുവൻ സാധനങ്ങളും സംസ്കരിച്ച് ഈ നാട്ടിലും പുറം രാജ്യങ്ങളിലും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ചിരട്ട നമ്മൾ തീ കത്തിക്കാനാണ് ഉപയോഗിക്കുന്നത്. അങ്ങനെ ചിരട്ട നാം നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ചിരട്ടകൊണ്ട് വളരെ നല്ല സാധനങ്ങളുണ്ടാക്കി പുറം രാജ്യങ്ങളിലും നാട്ടിലും വിപണനം ചെയ്യാനുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ നമുക്ക് സാധിക്കണം. ഈ ചുറ്റുപാടിൽ ഇത്തരം സാധനങ്ങൾ പുറത്തേക്കു കയറ്റി അയയ്ക്കാനും ഇറക്കുമതി പൂർണ്ണമായി തടയാനും നമ്മുടെ ഗവൺമെന്റു നടപടികൾ സ്വീകരിക്കണം.

ഇറക്കുമതിയുടെ കാര്യത്തിൽ ഇൻഡ്യാഗവൺമെന്റിനു ഭക്ഷ്യവസ്തു എന്നുള്ളനിലയിൽ എല്ലാത്തിന്റെയും വില താഴ്ത്താൻ നിർബന്ധമുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ മാത്രം ബാധിക്കുന്ന ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വാധീനം ഉപയോഗിച്ചുകൊണ്ട് ഇറക്കുമതി പരിപൂർണ്ണമായി നിറുത്താനുള്ള നടപടികൾ സ്വീകരിക്കണം. ഉല്പാദന രംഗത്തു നാം വളരെ പിന്നോട്ടു പോയിരിക്കുന്നു. കർണ്ണാടകത്തിലും തമിഴു നാട്ടിലുമൊക്കെ തേങ്ങയുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്റെ നാട്ടുകാർ തന്നെ പലരും അവിടെ പോയി സ്ഥലം വാങ്ങി തെങ്ങു കൃഷി നടത്തിവരുന്നുണ്ട്. തെങ്ങു കൃഷിക്ക് ഒരുപാടു സൗകര്യങ്ങൾ കർണ്ണാടകത്തിലും തമിഴ്നാട്ടിലും ചെയ്തുകൊണ്ടിരിക്കുന്നു. ആ നിലയ്ക്ക് നാളികേര ഉല്പാദനവും റബ്ബർ ഉല്പാദനവും പരമാവധി വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങളുണ്ടാക്കണം. ഇറക്കുമതി പരിപൂർണ്ണമായി നിയന്ത്രിക്കണം. ഇളനീർ ഒരു പാനീയമെന്നുള്ള നിലയ്ക്ക് കേരളത്തിലും പുറത്തും വിപണനത്തിനുള്ള സൗകര്യങ്ങളുണ്ടാക്കണം. കാർഷിക അഭിവൃദ്ധിക്കുവേണ്ടി നിരന്തരം ജാകരൂകമായ പദ്ധതികൾ ആവിഷ്കരിച്ച് മുന്നേറണം. അതിനു നമ്മുടെ ഗവൺമെന്റ് ജാഗരൂകമാകുന്നില്ലെങ്കിൽ നമ്മുടെ സമ്പദ്ഘടന അപകടകരമായ നിലയിലേക്കു നീങ്ങും. അങ്ങനെ ഗവൺമെന്റു വേണ്ടത്ര ജാഗരൂകത പുലർത്തിയില്ലെങ്കിൽ കേരളം നശിക്കുമെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് മുന്നോട്ടു പോകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, നമ്മുടെ കർഷകർ തകർച്ചയിൽ നിന്നും തകർച്ചയിലേക്ക് അനുദിനം നീങ്ങിക്കൊണ്ടിരിക്കുകയാണ്. നാളികേരത്തിന്റെയും റബ്ബറിന്റെയും പ്രശ്നമെടുത്താൽ ഈ തകർച്ചയ്ക്ക് പ്രധാനമായ കാരണം കേന്ദ്ര ഗവൺമെന്റ് എല്ലാ ഉറപ്പുകളെയും ലംഘിച്ചുകൊണ്ടുള്ള നിരന്തരമായി നടത്തികൊണ്ടിരിക്കുന്ന ഇറക്കുമതിയാണ്. ഈ പ്രശ്നത്തിനു പരിഹാരമായി ഭരണപക്ഷത്തു നിന്നും കുട്ടിച്ചാലി സംസാരിച്ചപ്പോൾ, നമ്മുടെ ഭാഗത്തു നിന്നും ഒരു ലോബി നമ്മുടെ താൽപ്പര്യങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി വേണ്ടെന്നുപറഞ്ഞത്. സർ, ഇവിടെ ഈ ലോബിയുടെ പ്രശ്നമെടുക്കുമ്പോൾ വളരെ ശക്തമായ ആ ലോബിയുടെ പ്രവർത്തനമാണ് കേന്ദ്രത്തിന്റെ ഇറക്കുമതിയുടെ അടിസ്ഥാനം. ഈ ഗവൺമെന്റ് വന്ന് ഏതാനും മാസങ്ങൾക്കകം തന്നെ റബ്ബറിന്റെ ഇറക്കുമതി ഉണ്ടാവുകയും റബ്ബറിന്റെ വില കുത്തനെ ഇടിയുകയും ചെയ്തപ്പോൾ ഇവിടെ നിന്നും നാലഞ്ചു മന്ത്രിമാർ, ഭരണപക്ഷത്തുള്ള പല പാർട്ടികളെയും പ്രതിനിധീകരിക്കുന്ന നാലഞ്ചു മന്ത്രിമാർ കേന്ദ്രത്തിൽ റബ്ബറിന്റെ ഇറക്കുമതി നിറുത്തി വയ്പ്പിക്കാൻ വേണ്ടി പോയി. എന്നിട്ട് മുഖ്യമന്ത്രി ശ്രീ. കരുണാകരൻ തിരുവനന്തപുരത്തു വന്നു പറഞ്ഞത് കേന്ദ്രത്തിൽ പോയി എല്ലാ കാര്യങ്ങളും റെഡിയാക്കിയെന്നാണ്. എന്നാൽ കേരള കോൺഗ്രസിന്റെ ചെയർമാൻ കൂടിയായ ശ്രീ. പി. ജെ. ജോസഫ് എറണാകുളത്ത് ഇറങ്ങി അതേ ദിവസം തന്നെ പറഞ്ഞത് ഞങ്ങൾ പോയ ലോബിയിങ്ങിന്റെ ഏർപ്പാട് നിരാശാജനകമെന്നാണ്. സർ, ഇക്കഴിഞ്ഞ നാലര വർഷക്കാലത്തെ അനുഭവമെന്താണ്. മുഖ്യമന്ത്രി കരുണാകരൻ എല്ലാം റെഡിയാക്കിയിരിക്കുന്നുവെന്നു പറഞ്ഞതിനുശേഷം എത്ര തവണ ഇറക്കുമതിയുണ്ടായി. ഇറക്കുമതി നിരന്തരമായി നടക്കുന്നോറും റബ്ബറിന്റെ വില കുത്തനെ ഇടിയും. ശ്രീ. പി. ജെ. ജോസഫ് ആത്മാർത്ഥതയോടുകൂടിയാണോ എല്ലാം പറഞ്ഞത് എന്നു ചോദിച്ചാൽ ആയിരിക്കണമെന്നില്ല. ഇപ്പോൾ തന്നെ ഒരു കിലോ റബ്ബറിന് 35 രൂപ കിട്ടണമെന്നാണ് ശ്രീ. ജോസഫ് പറയുന്നതെങ്കിലും ന്യായമായി ഇന്നത്തെ സാഹചര്യത്തിൽ കിട്ടേണ്ട വിലപോലും കിട്ടുന്നില്ല. സർ, ഒരു ഇരുപതു രൂപയെങ്കിലും കിട്ടാനുള്ള സംവിധാനമുണ്ടോ ? അതു പോകട്ടെ ഇവിടെ പ്രഖ്യാപിക്കുന്ന വിലയുണ്ടോ? വില കുത്തനെ ഇടിഞ്ഞു കൊണ്ടിരിക്കുന്നു. എന്താണ് കാര്യം. ഈ സംസ്ഥാനത്തു നിന്നുംപറയുന്ന ഈ ഗവൺമെന്റിനേക്കാൾ വളരെ ശക്തമായ ഒരു ലോബി കേന്ദ്രത്തിലുണ്ട്. ഞാൻ മുഖ്യമന്ത്രിയുടെ നട്ടെല്ലില്ലായ്മയെ കുറിച്ചല്ല പറയുന്നത്. സർ, മുഖ്യമന്ത്രി പോകുന്നു. മറ്റു മന്ത്രിമാർ പോകുന്നു, അവർ സംസാരിക്കുന്നു ലോബിയിങ്ങ് നടക്കുന്നു. പക്ഷെ കേന്ദ്രത്തിന്റെ മുന്നിൽ, ഈ ഗവൺമെന്റിനേക്കാൾ ചിലപ്പോൾ മുഖ്യമന്ത്രി കരുണാകരനുപോലും രാഷ്ട്രീയ സ്വാധീനമുണ്ടെന്ന് അവകാശപ്പെടുന്നുവെങ്കിലും അതിനേക്കാൾ ശക്തമായ കുത്തകകളുടെ ഒരു ലോബിയിംഗ് കേന്ദ്രത്തിന്റെ നയങ്ങളെ തീരുമാനിക്കുന്നു. അതാണ് പ്രധാന കാര്യം. റബ്ബറിന്റെ ഇറക്കുമതിക്കുവേണ്ടി ഈ കുത്തകകളുടെ ലോബി പ്രവർത്തിക്കുന്നു. ഇറക്കുമതികൊണ്ട് ഇവിടെ പടിപടിയായി റബ്ബറിന്റെ വില ഇടിഞ്ഞപ്പോൾ കയറിനും മറ്റും ഉൽപ്പന്നങ്ങൾക്കും വില കൂടുന്നു. ആ വില കൂടുതലിലൂടെ കർഷകരുടെ വില കുറഞ്ഞു. ദ്വിമുഖമായ രൂപത്തിൽ കുത്തകക്കാർ കൊള്ള ലാഭമെടുക്കുന്നു. ആ കുത്തകക്കാരുടെ സാമ്പത്തിക താൽപ്പര്യങ്ങൾക്കുവേണ്ടി നമ്മുടെ കർഷകരെ അമ്മാനമാടാനുള്ള സൗകര്യം കേന്ദ്രത്തിൽ അവരുടെ ശക്തമായ ലോബിയിങ്ങിന്റെ ഫലമായി നിലനിൽക്കുമ്പോൾ നമ്മുടെ കേരളത്തിലെ ഈ സംസ്ഥാനത്തിലെ കൃഷിക്കാരുടെ താൽപ്പര്യം നോക്കേണ്ട ഈ ഗവൺമെന്റ് ഒരു മാപ്പുസാക്ഷിയായി നിൽക്കുന്ന ചിത്രമാണുള്ളത്. അതുപോലെതന്നെ ഇതിന്റെ തകർച്ച നമ്മുടെ സമ്പദ്ഘടനയിൽ വളരെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സർ കാർഷിക മേഖലയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ആ മേഖല കർഷക കുടുംബങ്ങളെ മാത്രമല്ല ഇതു നമ്മുടെ സംസ്ഥാനത്തിന്റെ സമ്പത് സംഘടനയെ തന്നെ വളരെ ഗൗരവമായി ബാധിക്കുന്നുണ്ട്. അപ്പോൾ ഈ സംസ്ഥാനത്തിന്റെ താൽപ്പര്യവും നമ്മുടെ സമ്പത് കർഷകരുടെ താൽപര്യവും യഥാർത്ഥത്തിൽ പരിരക്ഷിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റിന്റെ പരാജയമാണ് ഇക്കഴിഞ്ഞ കാലഘട്ടത്തിൽ. ഉടനീളമുള്ള അവരുടെ ലോബിയിംഗ് സമീപനത്തിന്റെ ഫലമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ ഇവിടെ റബ്ബറിന്റെ ഇറക്കുമതിയെക്കുറിച്ചും, അതുപോലെ തന്നെ നമ്മുടെ ഉൽപ്പാദനം കുറഞ്ഞുവരുന്നതിനെക്കുറിച്ചു മൊക്കെ പറഞ്ഞു. എങ്ങനെ ഉൽപ്പാദനം കുറയാതിരിക്കും ? നമ്മുടെ സംസ്ഥാനത്തെ നെല്ലും മറ്റും ഉൽപ്പാദിപ്പിച്ചിരുന്നവരെല്ലാം അത് നശിച്ചപ്പോൾ കുറച്ചെങ്കിലും ആശ്വാസം കണ്ടെത്തിയത് റബ്ബറിലും നാളികേരത്തിലുമാണ്. അതിലേക്ക് പ്രതീക്ഷ നട്ടിരുന്ന ആളുകളുടെ ആ പ്രതീക്ഷ അസ്തമിപ്പിച്ചുകൊണ്ട് ഇന്ന് ഈ രംഗങ്ങളിൽ നമ്മുടെ ഉൽപ്പാദനം കുറഞ്ഞുവരികയാണ്. അല്ലാതെ ഉൽപ്പാദനം കൂടാൻ പോകുന്നില്ല. ഇറക്കുമതിയെക്കുറിച്ച് പറയുമ്പോൾ എന്താവശ്യത്തിന്റെ പേരിലാണ്, ഇറക്കുമതി ചെയ്യുന്നത് നമ്മുടെ ഉൽപ്പാദനം കുറയുന്നതനുസരിച്ചാണ് ഇവിടെ ഇറക്കുമതി ചെയ്യുന്നത്. ഇറക്കുമതി നടത്തുന്ന റബ്ബറിന്റെ കാര്യം തന്നെയെടുക്കാം. റബ്ബറിന്റെ ഇറക്കുമതി നടത്തുന്നതിന്റെയും ഉൽപ്പാദനത്തിന്റെയും കണക്കുകളുണ്ട്. സർ, അത് വസ്തുതകൾക്ക് ചേർന്നതല്ല. നമ്മുടെ ഏറ്റവും ചെറുകിടക്കാരായ റബ്ബർ കർഷകർ ഉൽപ്പാദിപ്പിക്കുന്നതുകൂടി കണക്കാക്കിയാണ് ഇവിടെ പറയുന്ന 20,000 ടൺ വരുന്നത്. ഇവിടെ വലിയ ഡഫിഷ്യൻസിയില്ല. വല്ല കാരണവും പറഞ്ഞ് ഇറക്കുമതി ചെയ്താൽ ഇത് റിലീസ് ചെയ്യുന്നതെപ്പോഴാണ് ? നമ്മുടെ സംസ്ഥാനത്തെ ഉൽപ്പാദനം ഏറ്റവും കൂടുതലായി നിൽക്കുന്ന സമയത്ത് ഇറക്കുമതി ചെയ്യുന്നത് വളരെ കൃത്രിമമായി വില ഇടിക്കുന്ന സമീപനമാണ്. അങ്ങനെ അവർക്ക് പരിരക്ഷയ്ക്ക് ആരുമില്ലാതെ, ഗവൺമെന്റുപോലുമില്ലാത്ത സാഹചര്യത്തിൽ ഇവിടെ ലോബിയിംഗിന്റെ പ്രശ്നം വന്നു. അപ്രകാരം ആരുമില്ലാത്ത സാഹചര്യത്തിൽ കൃഷിയിലുള്ള താൽപ്പര്യം മൂലവും ഉൽപ്പാദനം കുറയുന്നതുമൂലവും അതുപോലെ തന്നെ വൻകിടക്കാരുടെ ലോബിയും, കള്ളക്കളിയും മനസ്സിലാക്കികൊണ്ടുമാണ് ഇന്ന് ഈ കാർഷിക മേഖലയുടെ തകർച്ച, സ്വന്തം തകർച്ച പരിഹരിക്കാൻവേണ്ടി കർഷകർ ശക്തമായ സമരത്തിലേക്ക് വരുന്നത്. അതല്ലാതെ അവർക്ക് മാർഗ്ഗമില്ല. അവരുടെ രക്ഷയ്ക്ക് ആരുമില്ലെന്ന ബോദ്ധ്യം അവർക്കുണ്ട്. അതാണ് കൃഷിക്കാർ ഇന്ന് വ്യാപകമായി സമരത്തിലേർപ്പെട്ടിരിക്കുന്നത്.

ശ്രീ. വി. വി. ജോസഫ് : നാണ്യവിളകളും കേരളത്തിന്റെ കുത്തകകളാണ്. മറ്റ് സംസ്ഥാനങ്ങളും ഇതിന്റെ ഉൽപ്പന്നങ്ങളുടെ ഉപഭോക്താക്കളുമാണ്. ആ സംസ്ഥാനങ്ങൾക്ക് ഈ ഉൽപ്പന്നങ്ങളുടെ വില കുറച്ചുകിട്ടണമെന്നാണ് ആഗ്രഹം. കേരളത്തിന്റെ താൽപര്യം വിലകൂട്ടി കിട്ടണമെന്നുള്ളതാണ്. ഈ താൽപ്പര്യങ്ങളും തമ്മിലുള്ള സംഘട്ടനങ്ങളും നടക്കുമ്പോൾ ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കുവാനുള്ള ഒരു നയമാണ് ഇറക്കുമതി നയം. കേരളത്തിലെ കർഷകരുടെ തലയ്ക്കുമുകളിൽ തൂങ്ങി നിൽക്കുന്ന ഡമോക്ലീസിന്റെ വാളാണ് കേന്ദ്രത്തിന്റെ ഇറക്കുമതി നയം. നമ്മുടെ നാളീകേരത്തിന് വില കുറഞ്ഞപ്പോൾ നമ്മുടെ സർക്കാർ കാര്യക്ഷമമായി ആ ഭാഗത്ത് നടപടികളെടുത്തതിന്റെ അടിസ്ഥാനത്തിൽ വില കുറെ കൂടുകയും ചെയ്തു. ഇപ്പോൾ നാളികേരത്തിന് വില കൂടുതലാണ്. പക്ഷെ ഇപ്പോൾ നാളികേരം ഉൽപ്പാദനമില്ലാത്ത സമയമാണ്. ഇനി രണ്ടു മൂന്നു മാസത്തിനുശേഷം നാളികേരത്തിന്റെ ഉൽപ്പാദനം കൂടുന്ന അവസരത്തിൽ വില കുറയുകയില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആറായിരം ടൺ കൊപ്ര ഇറക്കുമതി ചെയ്തതിനെ തുടർന്ന് കൽക്കട്ടയിൽ നാളികേരത്തിന് വില കുറഞ്ഞിരിക്കുകയാണ്. ഇപ്പോൾ വില കൂടിയിരിക്കുന്നത് കൃത്രിമമല്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് കൂടുതൽ ഇറക്കുമതി ചെയ്താൽ നമുക്ക് ദോഷമുണ്ടാകും. അതുകൊണ്ട് കേന്ദ്രം കേരള ഗവൺമെൻറുമായി ആലോചിച്ചു മാത്രമേ ഇറക്കുമതി നയം രൂപീകരിക്കാവൂയെന്നുള്ളതാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി നമുക്ക് ചുക്കിന്റെ കാര്യമെടുക്കാം. ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യാൻ പറ്റിയ നല്ല ചുക്ക് ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. പക്ഷെ ഈ വർഷം ചുക്കിന് വില കുറഞ്ഞു. നമ്മുടെ ഗവൺമെന്റ് ചുക്ക് സംഭരണ കേന്ദ്രങ്ങളും തുറന്നെങ്കിൽ പോലും സംഭരണ കേന്ദ്രങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ചുക്ക് ശേഖരിച്ച് വച്ച് നല്ല വിലയ്ക്ക് വിറ്റാൽ കർഷകർക്ക് പ്രോൽസാഹനം നൽകുവാൻ സാധിക്കും.

സർ, ഈ വർഷം റബ്ബറിന്റെ കാര്യത്തിൽ തന്നെ ഉൽപ്പാദനവുമായി ബന്ധമില്ലാത്ത തരത്തിലുള്ള ഇറക്കുമതി നയമാണ് സർക്കാർ എടുത്തിട്ടുള്ളത്. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ നമ്മുടെ കേരളത്തിലെ കൃഷിക്കാരന്റെ കഴുത്തിന് കോടാലി വയ്ക്കുന്ന ആരാച്ചാരായിട്ടാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഇവിടെ ഇറക്കുമതി ചെയ്ത റബ്ബർ വിതരണം ചെയ്യരുതെന്ന് റബ്ബർ ബോർഡിന്റെ ചെയർമാൻ എസ്. ടി. സി. ക്ക് ഒരു ടെലിഗ്രാം അയച്ചു. കാരണം, ഈ വർഷം നല്ല കാലാവസ്ഥകൊണ്ട് റബ്ബറിന്റെ ഉൽപ്പാദനം ഉദ്ദേശിച്ചതിലെറെ വർദ്ധിച്ചു. അതുകൊണ്ട് ഇത് വിതരണം ചെയ്യരുതെന്ന് റബ്ബർ ബോർഡിന്റെ ചെയർമാൻ ടെലിഗ്രാം അയച്ചെങ്കിലും, മുഴുവൻ റബ്ബറും ഇന്ന് വ്യാപാരികൾക്ക് വിതരണം ചെയ്തിരിക്കുകയാണ്. അങ്ങനെ ഇന്ന് വ്യവസായികളുടെ ഗോഡൗണുകളിൽ എല്ലാം റബ്ബർ കെട്ടി കിടക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കാത്ത റബ്ബറിന് 14.85 പൈസയാണ്. അതുപോലെ ഇക്കൊല്ലം കഴിഞ്ഞ വർഷത്തേക്കാൾ കിലോ ഗ്രാമിന് രണ്ടു രൂപ വിലകുറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ റബ്ബറിന് ഏറ്റവും വില കുറഞ്ഞിരിക്കുന്ന സമയമാണിത്. അടുത്ത വർഷവും 45,000 ടൺ ഇറക്കുമതി ചെയ്യുമെന്ന് നമ്മുടെ പാർലമെന്റിൽ ബഹുമാനപ്പെട്ട വാണിജ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്തിൽ നല്ല കാലാവസ്ഥയായതുകൊണ്ട് റബ്ബറിന്റെ ഉൽപ്പാദനം വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇങ്ങനെ ഇറക്കുമതി ചെയ്യുന്നത് കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. കൃഷി ചിലവുകൾ വർദ്ധിച്ചിരിക്കുന്നു, മറ്റ് ചെലവുകൾ വർദ്ധിച്ചിരിക്കുന്നു, കൂലികൾ വർദ്ധിച്ചിരിക്കുന്നു. ഇതെല്ലാം വർദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ റബ്ബറിന് വിലയിടിഞ്ഞാൽ കേരളത്തിന്റെ ഭാവി ഭയാനകമായിരിക്കും. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കാർഷികോൽപ്പന്നം ഇറക്കുമതി ചെയ്യുമ്പോൾ അത് എപ്പോൾ വേണം, എത്രവേണം, എവിടെയെല്ലാം റിലീസ് ചെയ്യണം എന്നുള്ളതിനെപ്പറ്റി കേരള ഗവൺമെന്റുമായി ആലോചിച്ചു മാത്രമേ ചെയ്യാവൂ എന്നുള്ള ഒരു നയം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കേണ്ടിയിരിക്കുന്നു.

നാളികേരത്തിന്റെ കാര്യവും അങ്ങനെ തന്നെയാണ്. നമുക്ക് ആവശ്യത്തിന് നാളികേരമുണ്ട്. കേരളമാണ് ഏറ്റവും കൂടുതൽ നാളികേരം ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം. ഉത്തര പ്രദേശിൽ പഞ്ചസാരയ്ക്ക് വില കൂടിയപ്പോൾ അവിടെ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര അടുത്ത പുറം രാജ്യങ്ങളിൽ കയറ്റുമതി ചെയ്തു. അതുപോലെ തന്നെ ചുക്കും, റബ്ബറും കേരളത്തിലെ ജനങ്ങളുടെ താൽപര്യമെന്നുള്ള നിലയിൽ എടുക്കാനും, വിതരണം ചെയ്യാനും കഴിയണം. അങ്ങനെ കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് നാണ്യവിളകൾക്ക് വില വർദ്ധിച്ചാൽ മാത്രമേ കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയ്ക്ക് അത് ഒരു മുതൽ കൂട്ടായിരിക്കുകയുള്ളൂ എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ സാധനങ്ങളുടെ വിലയിടിവ് തടയാനുള്ള നടപടി നമ്മുടെ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി പി. പീതാംബരൻ മാസ്റ്റർ : സർ, കേരളത്തിലെ സമ്പദ് ഘടനയുടെ അടിത്തറ നാളികേരം, റബ്ബർ തുടങ്ങിയ കാർഷിക വിളകളാണ്. സാധാരണമട്ടിൽ ഇത്തരം നാണ്യവിളകൾക്ക് അതിന്റെ ഉൽപ്പാദനവും, ആവശ്യവും തമ്മിലുള്ള അനുപാതം അനുസരിച്ചാണ് വില നിശ്ചയിക്കുന്നത്. സാധാരണ എല്ലാ സാധനങ്ങളുടെയും പ്രൊഡക്ഷനും, ഡിമാന്റും ആണല്ലോ വില നിശ്ചയിക്കുന്നത്. എന്നാൽ കേരളത്തിലെ നാണ്യവിളകളെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായി അത്തരം ഒരു വിലനിലവാരം നിലനിൽക്കുന്നതിന് മനപൂർവ്വമായി അനുവദിക്കുന്നില്ലെന്നുള്ളതാണ് നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം. നാളികേരത്തിന്റെയും റബ്ബറിന്റെയും വില നിയന്ത്രിക്കുന്നത് ഇൻഡ്യയിലെ കുത്തക മുതലാളിമാരാണ്. വ്യവസായ ആവശ്യങ്ങൾക്ക് ആവശ്യമുള്ള റബ്ബർ വ്യവസായ മുതലാളിമാരും, വെളിച്ചെണ്ണ ആവശ്യമുള്ള സോപ്പ്, ഹെയർ ഓയിൽ ഫെർഫ്യൂസ് മുതലായവ ഉണ്ടാക്കുന്ന വൻകിട കുത്തകമുതലാളിമാരും, അവരുടെ ആവശ്യത്തിനനുസരിച്ച് ഇതിന്റെ വില ഇടിക്കുകയോ, താഴ്ത്തുകയോ ചെയ്യുന്നു. അവർക്ക് ആവശ്യമുള്ളപ്പോൾ ഇൻഡ്യാ ഗവൺമെൻറിനെ സ്വാധിനിച്ച് അവർ റബ്ബർ ഇറക്കുമതി ചെയ്യുന്നു. അതുപോലെതന്നെ വെളിച്ചെണ്ണയോ, കൊപ്രയോ ഇറക്കുമതി ചെയ്യുന്നു. അവരുടെ ആവശ്യമനുസരിച്ച് ഇറക്കുമതി ചെയ്യുകയല്ലാതെ കേരളത്തിലെ കർഷകരെ രക്ഷിക്കുന്നതിനെ പറ്റിയോ അവർക്ക് ദോഷമുണ്ടാക്കുന്നതിനെപ്പറ്റിയോ ആലോചിച്ചുകൊണ്ടല്ല ഈ നയം രൂപീകരിക്കപ്പെടുന്നത് എന്നതാണ് വസ്തുത. ഉദാഹരണമായി നമ്മുടെ രാജ്യത്ത് ഉണ്ടാകുന്ന റബ്ബർ നമ്മുടെ രാജ്യത്തെ ആവശ്യത്തിന് തികയുന്നില്ല എന്നുള്ളതാണ് ഒരു വസ്തുതയാണ്. അതുപോലെ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണ നമ്മുടെ നിത്യോപയോഗത്തിനും, വ്യവസായ ആവശ്യത്തിനും തികയുന്നുമില്ലെന്ന് പറയുന്നു. അങ്ങനെയാണെങ്കിൽ പിന്നെ എന്തിനാണ് ഇത് ഇറക്കുമതി ചെയ്യുന്നത് ? ആവശ്യത്തിന് തികയാത്തതുകൊണ്ടാണോ ? നമ്മുടെ ആവശ്യത്തിന് തികയാത്തതുകൊണ്ടല്ല ഇത് ഇറക്കുമതി ചെയ്യുന്നത്. മറിച്ച് ഇത് ഇറക്കുമതി ചെയ്യുന്നത് വ്യവസായികൾക്ക് കുറഞ്ഞ വിലയ്ക്ക് നാട്ടിലുണ്ടാകുന്ന ഉൽപ്പന്നം കിട്ടാൻ വേണ്ടിയാണ്. വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നില്ലെന്ന് കേന്ദ്ര ഗവൺമെൻറ് നമ്മുടെ സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. അഥവാ ഇറക്കുമതി ചെയ്താൽ അവർ അനുവാദം ചോദിക്കുമെന്നും പറയുന്നുണ്ട്. ഇതുവരെ ഇറക്കുമതി ചെയ്തതിന് യാതൊരു അനുവാദവും വാങ്ങിയിട്ടില്ല. ബോംബെയിലും കൊച്ചിയിലും ഇൻഡസ്ട്രിയൽ ഓയിൽ എന്ന പേരിൽ മാറി മാറി വെളിച്ചെണ്ണ ധാരാളമായി ഇറക്കുമതി ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഇൻഡഡ്ട്രിയൽ ഓയിൽ എന്ന് പറയുന്നത് ഞാൻ നേരത്തെ പറഞ്ഞ വൻകിട വ്യവസായികൾക്കുവേണ്ടി ഇറക്കുമതി ചെയ്യുന്നതാണ്. ഇത് നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെൻറ് തയ്യാറാകാത്തിടത്തോളം കാലം കേരളത്തിലെ നാണ്യവിളകളായ റബ്ബറിന്റെയും, കൊപ്രയുടെയും എല്ലാം വില എന്നും അനിശ്ചിതമായി കിടക്കും. അതുപോലെ വില സ്ലക്ച്ച്യുവേറ്റ് ചെയ്യുന്ന ഒരു ഉൽപ്പന്നം വേറെയുണ്ടോ ? നാളികേരത്തിന്റെ വില ഇടയ്ക്ക് കയറും, പിന്നെ കുറയും എത്ര താഴുമെന്നും, എത്ര ഉയരുമെന്നും യാതൊരു നിശ്ചയവുമില്ല. കഴിഞ്ഞ തവണ വെളിച്ചെണ്ണയുടെ കാര്യത്തിൽ വലിയ വിലയിടിവുണ്ടായപ്പോൾ കൊപ്ര സംഭരണം നടത്തുമെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചു. കൊപ്ര സംഭരണം നടത്താൻവേണ്ടി ഒരു സംവിധാനമുണ്ടാക്കുമെന്നും ഇവിടെ പ്രഖ്യാപിച്ചതാണ്. സർ, അതിന്റെ ഫലമായി മാർക്കറ്റിംഗ് ഫെഡറേഷനെ കൊണ്ട് ഒരു ചെറിയ ശതമാനമാണെങ്കിൽപോലും കൊപ്ര വാങ്ങിയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് പ്രചരിപ്പിച്ചു. വാസ്തവത്തിൽ കൃഷിക്കാർക്ക് അതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടായോ ? സാധാരണ മട്ടിൽ മാർക്കറ്റിംഗ് ഫെഡറേഷൻ ഇത്തരം ഒരു പ്രത്യേക സംവിധാനമില്ലാതെ തന്നെ കൊപ്ര സംഭരിക്കാറുണ്ടായിരുന്നു. ഈ പ്രത്യേക സംഭരണം തുടങ്ങിയതിനെ തുടർന്ന് പതിവായി സംഭരിച്ചിരുന്ന കൊപ്രയുടെ സംഭരണം നിർത്തലായി. നമ്മുടെ കേര വികസന കോർപ്പറേഷൻ കൊപ്ര അവരുടെ ആററിങ്ങലിലെ കമ്പനിക്കും ഫാക്ടറിക്കും മറ്റ് ആവശ്യത്തിനുമായി പതിനായിരം ടണ്ണോളം കൊപ്ര എല്ലാ കൊല്ലവും സംഭരിക്കാറുണ്ടായിരുന്നു. ഈ സംഭരണം വന്നപ്പോൾ അവരുടെ സംഭരണവും നിർത്തിവച്ചു. ചുരുക്കിപറഞ്ഞാൽ ഈ പ്രത്യേക സംവിധാനത്തിന്റെ പേരിൽ മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ട് കൊപ്ര വാങ്ങിച്ചുവെന്ന് പ്രചരണം നടത്തുകയും എന്നാൽ നാളികേര വികസന കോർപ്പറേഷനും, മാർക്കറ്റിംഗ് ഫെഡറേഷനും അതിനു മുൻപ് സാധാരണ വാങ്ങാറുണ്ടായിരുന്ന കൊപ്ര വിലയ്ക്ക് വാങ്ങൽ നിറുത്തലാക്കുകയും ചെയ്തതല്ലാതെ പുതുതായി ലേശം കൊപ്രപോലും സംഭരിക്കുന്ന സംവിധാനമുണ്ടായിട്ടില്ല. സർക്കാരിനായാലും മാർക്കറ്റിംഗ് ഫെഡറേഷനായാലും എല്ലാ കൊപ്രയും വിലക്ക് വാങ്ങാൻ കഴിയുകയില്ലെന്ന് നമുക്കറിയാവുന്നതാണ്. സംസ്ഥാന ഗവൺമെൻറിന്റെ സാമ്പത്തിക ഭദ്രതയെ, അല്ലെങ്കിൽ അടിത്തറയെ ഇളക്കുന്ന ഈ നാളികേരത്തിന്റെയും റബ്ബറിന്റെയും വെളിച്ചെണ്ണയുടെയും, ഇറക്കുമതിയുടെയും കാര്യത്തിൽ സംസ്ഥാന ഗവൺമെൻറ് താൽപ്പര്യമെടുത്ത് ശക്തമായി സമ്മർദ്ദം ചെലുത്താനും, സംസ്ഥാന ഗവൺമെൻറിന്റെ ക്ലിയറൻസ് കൂടാതെ എന്ത് പേരിലായാലും എതിനാണെങ്കിൽപോലും വെളിച്ചെണ്ണയും അതുപ്പോലെയുള്ള സാധനങ്ങളും ഇറക്കുമതി ചെയ്യാൻ അനുവദിക്കുകയില്ലെന്ന് ഉറപ്പു വരുത്തുകയുമാണ് വേണ്ടത്. അതിനുവേണ്ടി ഗവൺമെൻറ് ശ്രമിക്കണം. ഈ ഗവൺമെൻറിന്റെ അശ്രദ്ധയാണ് ഇതിന് കാരണമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ബേബി ജോൺ : സർ, നമ്മുടെ സമ്പദ്ഘടനയിൽ വളരെയേറെ സ്വാധീനം ചെലുത്തുന്ന രണ്ടു കൃഷികളാണ് നാളികേരവും റബ്ബറും. ഇന്ന് അതിന്റെ വളർച്ചയെ ആശ്രയിച്ചാണ് നമ്മുടെ വളർച്ച. അതിന്റെ തളർച്ചയെന്നുവച്ചാൽ നമ്മുടെ തളർച്ചയെന്നാണർത്ഥം. ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. റബ്ബറിന് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന വില കുറവല്ലേ ? ഗവൺമെൻറ് ഇതിന്റെ പർച്ചേയ്സിനുള്ള ചില സംവിധാനങ്ങളും ചെയ്തതായി നേരത്തേ പറഞ്ഞിരുന്നു. ഇന്ന് കാര്യമായ ഒരു വിലയും ഇല്ല. വിലയ്ക്ക് വാങ്ങിക്കുന്ന സംവിധാനം ഇല്ല. അതുകൊണ്ട് സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനെക്കൊണ്ട് അവരുടെ നോട്ടിഫൈഡ് പ്രൈസ് വരുന്നതുവരെ റബ്ബർ വാങ്ങിക്കാൻ ഒരു ഏർപ്പാട് ചെയ്യണം. ഇപ്പോൾ എനിക്ക് തോന്നുന്നത് ഒരു മാക്സിമം പ്രൈസ് എന്നുള്ള നിലയ്ക്കാണ് വന്നിരിക്കുന്നതെന്നാണ്. അത് ശരിയല്ല. ഇത് ഒരു മിനിമം പ്രൈസ് ആയിരിക്കണം. ആ മിനിമം പ്രൈസിൽ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനെക്കൊണ്ട് പ്രൊക്യൂവർ ചെയ്യാനുള്ള ഒരു സംവിധാനമുണ്ടാക്കണം. പിന്നെ മറെറാന്ന് അനവസരത്തിലുള്ള ഇംപോർട്ടും റിലീസും നിറുത്താൻ ഏർപ്പാട് ചെയ്യണം. പണ്ടൊക്കെ ഒരു ധാരണയുണ്ടായിരുന്നു. സംസ്ഥാന ഗവൺമെൻറുമായി ആലോചിച്ചശേഷമേ ഇംപോർട്ടും റിലീസും ചെയ്യുകയുള്ളുവെന്നായിരുന്നു അത്. ഇപ്പോൾ റബ്ബർ കർഷകർക്ക് ദോഷംചെയ്യുന്ന രീതിയിലാണ് ഇത് റിലീസ് ചെയ്യുന്നത്. റബ്ബർ കർഷകർക്ക് ദോഷം വരുന്ന സമയത്താണിത് ഇംപോർട്ട് ചെയ്തിട്ട് റിലീസ് ചെയ്യുന്നത്. അതൊന്ന് തടയാനുള്ള നടപടികളും സ്വീകരിക്കണം. അതുപോലെതന്നെ മറെറാരുകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. ഞാൻ രാഷ്ട്രീയം പറയുന്നതല്ല. നമ്മുടെ സമ്പദ്ഘടന തകരുന്നു വെന്ന് ഭയപ്പെടുന്ന ഒരാളാണ് ഞാൻ. രണ്ടായിരമാണ്ടാകുമ്പോഴേ നമ്മുടെ സമ്പദ്ഘടന തകരുമെന്ന് ഭയക്കുന്നതുകൊണ്ടാണ് ഞാൻ ഈ വസ്തുത പറയുന്നത്. നാളികേരത്തിന്റെ കാര്യംതന്നെ എടുക്കുക. നാളികേര ബോർഡിൽ ഒരു സ്കീം ഉണ്ട്. സംസ്ഥാന ഗവൺമെന്റ് വിളിച്ചുകൂട്ടിയ കേന്ദ്രമന്ത്രിമാരൊക്കെ സംബന്ധിച്ചിരുന്ന ഒരു കോൺഫറൻസിൽനിന്നു ഞാൻ മനസ്സിലാക്കിയതാണ്. അവർക്ക് ഒരു പ്രോജക്ടുണ്ട്. രണ്ടായിരമാണ്ടാകുമ്പോഴേ ഇത്ര നാളികേരമുല്പാദിപ്പിക്കണമെന്നുണ്ട്. അതിനുള്ള സ്കീമെന്താണ്. രണ്ടെണ്ണമാണുള്ളത്. ഒന്ന്, എക്സ്പാൻഷൻ; രണ്ട്, ഇംപ്രൂവ്മെന്റ് ഓഫ് പ്രൊഡക്റ്റിവിറ്റി. നമ്മുടെ സംസ്ഥാനത്ത് ഇനി എക്സ്പാൻഷനു സ്കോപ്പില്ല. നമ്മുടെ സംസ്ഥാനത്ത് ഒരിഞ്ചു സ്ഥലം പോലും പുതിയ നാളികേരകൃഷിക്കുവേണ്ടി എക്സ്പാന്റ് ചെയ്യാനുള്ള സ്കോപ്പില്ല. അപ്പോഴേ പിന്നെ എങ്ങനെയാണ് എക്സ്പാൻഷൻ നടക്കുന്നത്. ഞാൻ സങ്കുചിതമായ പ്രാദേശികതകൊണ്ടു പറയുന്നതല്ല. വസ്തുതകളാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറ ഇളകുമെന്നു ഭയക്കുന്നതുകൊണ്ടാണ് പറയുന്നത്. എക്സ്പാൻഷൻ എവിടെയാണ് വരുന്നത്. ആസ്സാം, ഒറീസാ, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നിവിടങ്ങളിലാണ്. നമുക്കാണിതിന്റെ കുത്തക യെന്ന് ഇവിടെ പലരും പ്രസംഗിച്ചുകേട്ടു. അതൊക്കെ എന്നേപോയി. കുറഞ്ഞു കുറഞ്ഞു വരുന്നു. പ്രൊഡക്റ്റിവിറ്റി നമുക്ക് കുറഞ്ഞു. ടോട്ടൽ ഉൽപാദനം നമുക്ക് കുറഞ്ഞു. മേൽപ്പറഞ്ഞ സംസ്ഥാനത്താകെ നാളികേര കൃഷി വികസിച്ചു. ഇന്ത്യ ഒന്നാണെന്ന രീതിയിൽ നമുക്ക് തടയാനൊക്കുമോ യെന്ന് ചോദിക്കും. തടയണം എന്നുള്ളതല്ല. ഒരു സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ മുഴുവൻ തകിടം മറിക്കത്തക്കരീതിയിലുള്ള ഒരു എക്സ്പാൻഷൻ പ്രോഗ്രാം മറെവിടെയെങ്കിലും നടക്കുന്നുണ്ടെങ്കിൽ നമുക്ക് അത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ് ചെയ്യുകയെന്നുള്ളതാണ് ഇനി ചെയ്യാവുന്ന ഒന്ന്. പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ് ചെയ്യാൻ ഒക്കുമോ? നാളികേര സുഖക്കേട് എന്തുമാത്രമാണ്. ഇപ്പോഴേ മുറിച്ചുകളയുന്നതാണ് ഇംപ്രൂവ്മെന്റ്. പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ് ചെയ്യാനായി നമുക്ക് ചെയ്യാൻ സാധിക്കുന്നത് അതേയുള്ളൂ. നമ്മുടെ പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ് ചെയ്താലേ നമ്മുടെ സംസ്ഥാനത്തെ നാളികേര കൃഷി വികസിപ്പിക്കാൻ സാധിക്കുകയുള്ളൂ. എക്സ്പാൻഷൻ സ്കോപ്പ് ഇല്ല. അങ്ങനെ വരുമ്പോഴേ കേരളത്തിന്റെ സമ്പദ്ഘടനതന്നെ അപകടപ്പെട്ടുപോകും. അതുകൊണ്ട് നമുക്ക് സൂക്ഷിക്കണമെന്നുകരുതി പറയുകയാണ്. എക്സ്പാൻഷനു കേരളത്തിൽ സാദ്ധ്യത ഇല്ല. സംസ്ഥാന ത്തിനുപുറത്ത് എക്സ്പാൻഷൻ വരുന്നു. നമ്മുടെ സമ്പദ്ഘടന തകരുന്നു. റബ്ബറിന്റെ കാര്യത്തിലും അതുതന്നെയാണ്. അതുകൊണ്ട് ഗവൺമെന്റ് കക്ഷിഭേദമെന്യേ ഇക്കാര്യം ഗൗരവതരമായി കണക്കിലെടുക്കണം. ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതല്ല.

സർ, റബ്ബറും നാളികേരവും നമ്മുടെ സമ്പദ്ഘടനയെ എന്തുമാത്രം സ്വാധീനിക്കുന്നുവെന്ന് കണ്ടിട്ട് അതിനെ ബാധിക്കാവുന്ന പ്രതികൂലമായ കാര്യങ്ങളെ ഒഴിവാക്കുന്നതിനുവേണ്ടി നമുക്കൊരുമിച്ചുനിന്നു പ്രവർത്തിക്കാം. ഇമ്പോർട്ടിന്റെ കാര്യമൊക്കെ അതിന്റെ ഭാഗമാണ്. അതല്ല ഞാൻ പറയുന്നത്. ഇമ്പോർട്ട് ഒന്നും നിറുത്താൻ പോകുന്നില്ല. എക്സ്പാൻഷൻ പ്രോഗ്രാം. അന്യ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനെയും പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ് ചെയ്യാനുള്ള സാദ്ധ്യതയില്ലാതായി വരുന്നതിനെയും

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് തടയണം. ഇത് നമ്മുടെ സമ്പദ്ഘടനയെ വളരെ പ്രതികൂലമായി ബാധിച്ച് രണ്ടായിരമാണ്ടാകുമ്പോഴേക്കും നാം സാമ്പത്തികമായി തകരുമെന്നുള്ളതു കൊണ്ടാണ് ഞാനിത് പറയുന്നത്. ഇടയ്ക്ക് ചിലരൊക്കെ പറഞ്ഞു നിങ്ങൾ നാളികേരകൃഷിമാറ്റി വേറെ എന്തെങ്കിലും കൃഷിചെയ്യാൻ. വേറെ എന്തെങ്കിലും കൃഷി ചെയ്യുകയെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഭരണാധികാരികൾപോലും പറഞ്ഞിട്ടുണ്ട്. അവർക്ക് പറയാൻ എളുപ്പമാണ്. നമുക്കിത് പറിച്ചുമാറ്റാനൊക്കുമോ ? നമ്മുടെ ജീവിതംതന്നെ ഇതുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് നമുക്കൊരുമിച്ചുനിന്ന് (എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് അതാണ്) ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുവേണ്ടി ഇപ്പോഴേ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു മാത്രമാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ പ്രശ്നം ഒന്നിലധികം തവണ ആവർത്തിച്ച് ഈ സഭയിൽ ചർച്ചചെയ്തത് വിശദമായ മറുപടികൾ നൽകിയിട്ടുള്ളതാണ്. റബ്ബർ കൃഷിയെ സംബന്ധിച്ചിടത്തോളം അതിന്റെ പൂർണ്ണമായ നിയന്ത്രണം റബ്ബർ ബോർഡിനാണ്. ആവശ്യത്തിനുള്ള ഉൽപാദനം ഉണ്ടോ ഇല്ലയോ എന്നുള്ളത് പരിശോധിച്ച് ഉൽപാദനം വർദ്ധിപ്പിക്കാനും പോരാതെ വരുന്നത് ഇറക്കുമതിചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കുന്നത് റബ്ബർ ബോർഡാണ്. അതിന്റെ ഫിഗേഴ്സ് ഞാൻ ഈ സഭയിൽ പറഞ്ഞുകഴിഞ്ഞതാണ്. അവരുടെ കണക്കുപ്രകാരം 2,85,000 ടൺ നമുക്കാവശ്യമുണ്ട്. നമ്മുടെ പ്രൊഡക്ഷൻ 2,54,000 ടൺ ആണ്. അതുകൊണ്ട് എല്ലാ വർഷവും ഏറ്റവും ചുരുങ്ങിയത് ഒരു 30,000 ടണ്ണിന്റെ ഗ്യാപ്പുണ്ട്. ഈ ഗ്യാപ്പ് ഫിൽ ചെയ്യേണ്ടതാവശ്യമാണ്. അതുകൊണ്ട് അത്രയും ആവശ്യത്തിനുവേണ്ടി ഇംപോർട്ട് ചെയ്യുകയാണ്. ഇംപോർട്ട് ചെയ്യാനുള്ള ലൈസൻസ് കൊടുക്കുമ്പോൾ 31 ആണെങ്കിൽ ഒരു 35 കൊടുക്കും ചിലപ്പോൾ 30 കൊടുക്കും. പക്ഷേ വന്നിട്ടുള്ള തകരാറെന്താണെന്നുവച്ചാൽ ഇറക്കുമതി ചെയ്യുന്നത് റബ്ബറിന്റെ വിതരണ സമയത്താണെന്നുള്ളതാണ്. അക്കാര്യം നമ്മൾ പലപ്രാവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നു. കേന്ദ്ര ഗവൺമെന്റ് സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനു വളരെ വ്യക്തമായ നിർദ്ദേശവും നൽകി. ഇക്കൊല്ലം നല്ല പ്രൊഡക്ഷൻ ഉണ്ടായതുകൊണ്ട് അത് കണക്കിലെടുക്കാതെ തലേക്കൊല്ലം സ്റ്റോക്ക് ചെയ്തിരുന്ന റബ്ബർ റിലീസ് ചെയ്തു. അത് നിരുത്തൽ ചെയ്തിട്ടുണ്ട്. പക്ഷേ അതിനോടകം വില വളരെ ഇടിഞ്ഞു എന്നൊക്കെ പറഞ്ഞു കഴിഞ്ഞാൽ ഇപ്പോഴും അത്ര മോശമായിട്ടുള്ള വില നിരക്കല്ല ഉള്ളത്. റബ്ബർ ബോർഡിൽനിന്നും കിട്ടിയ കണക്കനുസരിച്ച്, ആർ. എം. എ. 4-ന് മേയ് മാസത്തിൽ ഫിഗർ 1703 രൂപയായിരുന്നു വില. ഇത് ഫ്ളക്ച്യുവേറ്റ് ചെയ്യുന്നതുകൊണ്ടുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട് സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനുമായി ഒരു കരാർ ഉണ്ടാക്കാൻ തീരുമാനിച്ചു. ഉദ്ദേശം 1605 രൂപയായിട്ട് നിശ്ചയിക്കാൻ ഒരു ധാരണയിൽ വന്നു. പക്ഷേ അതിനു പിന്നെ തർക്കം വന്നു. ഏത് ഗ്രേറ്റത്തിനാണ് വേണ്ടതെന്നുപറഞ്ഞ് തർക്കംവന്നു. ഏതായാലും ആ വിലയിൽനിന്നും കീഴ്പോട്ടു പോകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് റബ്ബർ ബോർഡും സംസ്ഥാന ഗവൺമെന്റും സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻകാരും ഇതുസംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

സർ, റബ്ബറിന്റെ കുറവിനെയും കൂടുതലിനെയുംപറ്റി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. ഒരു കാര്യം നാം മനസിലാക്കേണ്ടതുണ്ട്. ലോകകമ്പോളത്തിൽനിന്നും വളരെ അകന്നുനിന്നു കൈകാര്യം ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസമുണ്ട്. ഇന്നത്തെ നിലയിൽ വളരെ വ്യത്യാസമുണ്ട്. അതിന്റെ പ്രധാന കാരണം നമ്മുടെ ഉൽപ്പാദനത്തിലുള്ള കുറവാണ്. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് നമ്മുടെ സ്റ്റേറ്റിൽ ഉൽപ്പാദനത്തിന്റെ തോത് കുറവാണ്. അതിനുകാരണമുണ്ട്. നമ്മുടെ കൃഷിക്കാരെന്നു പറയുന്നത് ഇടത്തരക്കാരും ചെറുകിടക്കാരുമാണ്. വലിയ കമ്പനികൾക്കുമാത്രമേ വളരെയധികം മുതൽ മുടക്ക് നടത്തി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളു.

സർ, റബ്ബറിനെ സംബന്ധിച്ചിടത്തോളം റീ-പ്ലാൻറിംഗ് വളരെ നിർബന്ധമാണ്. പഴയകാലത്ത് സ്വന്തം വീട്ടുവളപ്പിൽ കുറച്ച് റബ്ബർ തൈകളേ വയ്ക്കുകയുള്ളൂ. ഇപ്പോൾ അതിന് സബ്സിഡി കൊടു
2 p. m.] ക്കുന്നതുകൊണ്ട് റീപ്ലേയ്സ് ചെയ്തുവരുന്നുണ്ട്. റബ്ബറിനെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രൊഡക്ഷൻ കൂടുന്നതോടൊപ്പംതന്നെ ഇറക്കുമതി ചെയ്യുന്ന റബ്ബർ അവസരം നോക്കിയേ വിതരണം ചെയ്യാൻ പാടുള്ളൂ.

നാളികേരത്തെ സംബന്ധിച്ചിടത്തോളം എത്രയോ പ്രാവശ്യം ഇവിടെ പറഞ്ഞു. നാളികേരത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ബേബിജോൺ ഇവിടെ സൂചിപ്പിച്ചതുപോലെ ഇവിടെ ഉല്പാദനം കുറയുകയാണ്. ഇതിനുള്ള കാരണങ്ങളും രണ്ടാണ്. ഒന്ന്, തെങ്ങിനുള്ള രോഗം; രണ്ട്, ആവശ്യമായ നിലയിൽ തെങ്ങിനെ കൃഷിക്കാർ സംരക്ഷിക്കുന്നില്ല. സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടാകാം, പക്ഷേ അടിസ്ഥാനപരമായി എന്താണ് തകരാറ് എന്ന് പരിശോധിച്ചപ്പോൾ ഉല്പാദനം കുറയുന്ന സ്ഥലത്ത് അത് പരിഹരിക്കണമെങ്കിൽ രണ്ട് കാര്യങ്ങളും ചെയ്തേ തീരൂ. ഉൽപ്പാദനം വർദ്ധിക്കുന്നതിന് തെങ്ങിന് വെള്ളം ഒരു പ്രധാന ഘടകമാണ്. അങ്ങനെ വെള്ളം കൊടുക്കാമെന്നുണ്ടെങ്കിൽ ഉൽപ്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും. അടുത്തത് വളമാണ്. ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെൻറിന് വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. കാലാകാലങ്ങളിൽവന്ന ഗവൺമെൻറുകളും—നമ്മളെല്ലാം ഒരുമിച്ചിരുന്നപ്പോഴും മാറിമാറിയിരുന്നപ്പോഴുമെല്ലാം ഈ മേഖലയിൽ ഇവയൊക്കെ പരമ്പരാഗതമായി നടന്നുവന്നതാണ്.

നാളികേരത്തിന്റെ വിലയെ സംബന്ധിച്ചിടത്തോളം ചില കാലങ്ങളിൽ വില കൂടും, മറ്റ് ചിലപ്പോൾ വില കുറയും. അങ്ങനെ കുറയുമ്പോൾ നമ്മുടെ ബഹളമുണ്ടാക്കും. അതിന് ശാശ്വതമായ ഒരു പരിഹാരം കാണാനുള്ള ഒരു നടപടി ഒരു കാലത്തും ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല എന്നുള്ളതാണ് അതിന്റെ അടിസ്ഥാന കാരണം. ഇപ്പോൾ ഗവൺമെൻറ് ആ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നിലപാട് അതിന് അടിസ്ഥാനപരമായ ചില സമീപനങ്ങളുണ്ടാകണമെന്നതാണ്. നാളികേരബോർഡ് നമ്മുടെ മെച്ചത്തിനുവേണ്ടി തുടങ്ങിയതാണെങ്കിലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മറ്റ് സ്റ്റേറ്റുകളിൽ ഇത് വ്യാപിച്ചുതുടങ്ങി. ഇത് ൽ ആകെ ഒരു ആശ്വാസമുള്ളത് ഇപ്പോഴും മറ്റ് സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ ഓയിൽകണ്ടൻറ് കുറവാണെന്നുള്ളതാണ്.

ശ്രീ. ബേബി ജോൺ : നമ്മുടെ നാളികേരബോർഡ് കൊപ്ര എങ്ങനെ ഉണ്ടാക്കണമെന്ന് അവരെ പഠിപ്പിച്ചു, അതിനുമുമ്പ് അവർക്ക് അറിഞ്ഞുകൂടായിരുന്നു.

ശ്രീ. കെ. കരുണാകരൻ : ഒരു കാര്യം മനസ്സിലാക്കേണ്ടത് ദേശീയതലത്തിലൊരു സ്ഥാപനം വരുമ്പോൾ ഒരിക്കലും ഒരിടത്തുതന്നെ നില്ക്കുന്നതിന് സാധിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : അങ്ങനെ ചെയ്ത് ആകെ കുഴപ്പമുണ്ടാകരുത്.

ശ്രീ. കെ. കരുണാകരൻ : അതുകൊണ്ട് അവർ ആ അവസരം ഉപയോഗപ്പെടുത്തുന്നുണ്ട്. എന്തായാലും കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായി അത് 'പല്ലി ഉത്തരം താങ്ങുന്നമാതിരിയല്ല' വ്യക്തമായ നടപടി സ്വീകരിച്ചുകൊണ്ടാണ് വിലയൊന്ന് പിടിച്ചുനിർത്താൻ സാധിച്ചിട്ടുള്ളത്.

ശ്രീ. സിറിയക്ക് ജോൺ : നാളികേരബോർഡും, റബ്ബർ ബോർഡും മൊക്കെത്തന്നെ എക്സ്പാൻഷൻ നടത്തുന്നത് കൊപ്രയിൽനിന്ന് സെസ്സ് പിരിച്ചിട്ട് ആ സെസ്സ് ഉപയോഗിച്ചുകൊണ്ടാണ് മാറ് സംസ്ഥാനങ്ങളിൽ എക്സ്പാൻഷൻ നടത്തുന്നത് എന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : അതുപോലെ പല തരത്തിലുള്ള വിത്തുകളും നമ്മൾ കൊണ്ടുവന്ന് ഇവിടെ ഉപയോഗിക്കും. ഇത് ഇൻഡ്യയുടെ ഒരു ഭാഗത്തു മാത്രം ഒതുക്കിനിർത്താവുന്നതല്ല. കാർഷിക മേഖലയിലാവശ്യമായ വിത്ത്, അതിൻെറ ഗവേഷണ ഫലം ഇതെല്ലാം ഇൻഡ്യയിലെ എല്ലാ ഭാഗത്തും ഉപയോഗിക്കുന്നതായതുകൊണ്ട് ഇവിടെ നിന്നു കൊണ്ടുപോയതാണെന്നു പറയുന്നതിൽ അർത്ഥമില്ല. പശുവിൻെറ കാര്യംതന്നെ എടുത്താൽ പശുവിൽനിന്ന് കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി അന്യസംസ്ഥാനങ്ങളിൽനിന്ന് ബീജം കൊണ്ടുവന്നിട്ട് ഇവിടെ ഉപയോഗിക്കുന്നുണ്ട്. അങ്ങനെ പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. സിറിയക്ക് ജോൺ : നമ്മോട് സെസ്സ് പിരിച്ചിട്ട് ആ സെസ്സ് ഉപയോഗപ്പെടുത്തി അവിടെ എക്സ്പാൻഷൻ നടത്തുമ്പോൾ അത് നമ്മെത്തന്നെ തിരിച്ച് ബാധിക്കുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ശ്രീ. കെ. കരുണാകരൻ : നാളികേരത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് സ്വീകരിച്ച നടപടികളുടെ ഫലമായിയെന്നുതന്നെ ഞാൻ ആവർത്തിച്ച് പറയുകയാണ്, നമുക്ക് അപകടകരമായ സ്ഥിതിയിലേക്ക് അതിൻെറ വില കുറയാതിരിക്കാൻ സാധിച്ചുവെന്നു മാത്രമല്ല വില അല്പമൊന്നു പിടിച്ചു നിർത്താനും സാധിച്ചിട്ടുണ്ട്. 3,200-ം 3,500-ം ഒക്കെ കിട്ടിയ സാഹചര്യവുമുണ്ടായിട്ടുണ്ട്. ഇന്നത്തെ വിലയനുസരിച്ച് ഒരു നാളികേരത്തിന് രണ്ടു രൂപയെങ്കിലും കിട്ടുകയാണെങ്കിൽ കൃഷിക്കാരന് ഒരുവിധം പിടിച്ചു നില്ക്കാം. അത് നിലനിർത്തുന്നതിനു ള്ള ഒരു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. ഇറക്കുമതിയെക്കുറിച്ച് പറഞ്ഞു. അതേക്കുറിച്ച് എത്ര പറഞ്ഞാലും വീണ്ടും ആവർത്തിക്കേണ്ടിവരുന്നു.

ശ്രീ. സിറിയക്ക് ജോൺ : ഇപ്പോഴുള്ള വിലതന്നെ കുറയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കരുത്. ഇപ്പോൾ രണ്ടര രൂപയോളം കിട്ടുന്നത് കർഷകരെ സംബന്ധിച്ചിടത്തോളം ഒരാശ്വാസമാണ്.

ശ്രീ. കെ. കരുണാകരൻ : ഗവൺമെൻറും മാർക്കറ്റിംഗ് ഫെഡറേഷനും പറഞ്ഞിട്ടുള്ളത് 1,200 രൂപയിൽക്കുറവ് വില കൊപ്രയ്ക്ക് എന്ന് വരുന്നോ അന്ന് വാങ്ങുമെന്നാണ്. ആ നടപടി ഇപ്പോഴും നിലവിലുണ്ട്. ഇപ്പോൾ അതിനേക്കാൾ കൂടുതൽ വിലയുള്ളതുകൊണ്ടാണ്, നാളികേര കർഷകന്

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടില്ലാത്തതുകൊണ്ടാണ് കൊപ്ര ആ രീതിയിൽ എടുക്കാതിരിക്കുന്നത്. നാളെ അങ്ങനെയൊരു സാഹചര്യം വരികയാണെങ്കിൽ ഇപ്പോഴും തന്നെ അതിനുള്ള സംവിധാനവുമുണ്ട്. ആ കാര്യത്തിലൊന്നും യാതൊരു ബുദ്ധിമുട്ടുമില്ല.

ഇവിടെ ഇറക്കുമതിയെക്കുറിച്ച് പറഞ്ഞു. തിരുവനന്തപുരത്തുവച്ച് നാളികേര കർഷകരുടെ കോൺഫറൻസിൽ ആദ്യം കേരളാ ഗവൺമെൻറ് ടേക്കപ്പ് ചെയ്തില്ലായെന്നു പറഞ്ഞ് ഇവിടത്തന്നെ ആദ്യം ഇത് ആവർത്തിച്ചു. അഗ്രിക്കൾച്ചറൽ കോൺഫറൻസിലും ഇതാവർത്തിച്ചു. അപ്പോഴുതന്നെ ഞാൻ മുഴുവൻ രേഖയുമെടുത്തു കൊടുത്ത് അവിടെവച്ചുതന്നെ പറഞ്ഞു. അവസാനം അവർ ഇത് തെറ്റായ വിവരംവച്ച് ചെയ്തുപോയതാണെന്നു പറഞ്ഞ് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. പഴയ ചില ഫിഗേഴ്സ് വച്ച് കൊടുക്കുന്നതിൽനിന്ന് വന്നിട്ടുള്ള മറുപടിയായതുകൊണ്ട് അവസാനം അദ്ദേഹം മാപ്പ് പറയേണ്ടിവന്നു.

ഇവിടെ ഇറക്കുമതി ചെയ്യുന്ന വെളിച്ചെണ്ണയെക്കുറിച്ച് പറഞ്ഞു. മിനിഞ്ഞാന്ന് ഈ സ്റ്റേറ്റിൽ സോപ്പ് ഉല്പാദിപ്പിക്കുന്ന ഒരു കമ്പനിയുടെ റപ്രസന്റേഷൻ കിട്ടി. കയറി അയക്കുന്ന ഉല്പന്നത്തിന്റെ 10 ശതമാനം ഇറക്കുമതി ചെയ്യാനുള്ള നിയമത്തിലെ വ്യവസ്ഥ അനുസരിച്ചുള്ള അനുവാദം പോലും ആവശ്യപ്പെട്ടിട്ട് അവരെ അതിന് അനുവദിച്ചില്ല. അത് അനുവദിച്ചുതരുന്നതിനുവേണ്ടി സ്റ്റേറ്റ് ഗവൺമെൻറ് നടപടി നടത്തിത്തരണമെന്ന് പറഞ്ഞ് പെറ്റീഷനുമായി അവർ വന്നിരിക്കുകയാണ്. അവിടെവച്ചുതന്നെ മിനിസ്റ്റർ വ്യക്തമായി പറഞ്ഞു അങ്ങനെ ഇറക്കുമതി ചെയ്യുന്ന പ്രശ്നമേ ഇല്ല, ഇറക്കുമതി ചെയ്തിട്ടുള്ള സ്റ്റോക്കുപോലും റിലീസ് ചെയ്യേണ്ട എന്ന്, അങ്ങനെ അത് റിലീസ് ചെയ്തില്ല. ആ കാര്യത്തിൽ വളരെ കർക്കശമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഭാവിയെ സംബന്ധിച്ചിടത്തോളവും ഈ കാര്യത്തിൽ നമ്മൾ വളരെ കരുതലോടുകൂടിയ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതിലൊക്കെ ബഹുമാനപ്പെട്ട സിറിയക്ക് ജോൺ സൂചിപ്പിച്ചതുപോലെ കൂട്ടായിട്ടുള്ള ശ്രമങ്ങളും, കൂട്ടായിട്ടുള്ള നടപടികളും സ്വീകരിക്കുന്നതിനു ഒരിക്കലും ഈ ഗവൺമെൻറ് തടസ്സമായി നിന്നിട്ടില്ല. പക്ഷേ ഓരോന്നിനും നമ്മൾ നടത്തുന്ന പരാമർശനങ്ങളെക്കുറിച്ചുകൂടി നാം ആലോചിക്കേണ്ടതുണ്ട് എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ട് നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം ഇന്ന് തങ്ങുവില പിടിച്ചു നിർത്താനുള്ള നടപടിയോടൊപ്പംതന്നെ കൃഷിക്കാർക്ക് വെള്ളവും വളവും കൊടുക്കുന്നതിൽ എന്ത് സഹായം ചെയ്യാൻ സാധിക്കും എന്ന് ആലോചിക്കുന്നതാണ്. വെള്ളം കൊടുക്കുന്നതിനുവേണ്ടിയുള്ള പരിപാടികളും ഇപ്പോഴുതന്നെ തയ്യാറായിവരികയാണ്. അത് അതിവേഗത്തിൽ ഫൈനലൈസ് ചെയ്ത് നടപ്പിലാക്കാൻ സാധിക്കുമെന്നാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്.

സർ, നാളികേര കർഷകനെ സഹായിക്കാൻവേണ്ടി ഈയടുത്ത കാലത്ത് വെളിച്ചെണ്ണയുടെ വില വളരെയധികം വർദ്ധിപ്പിച്ചു എന്നൊരു പരാതിയുണ്ടായിട്ടുണ്ട്. വിശേഷിച്ച് ഓണക്കാലത്തും, ഓണം കഴിഞ്ഞിട്ടും വെളിച്ചെണ്ണയുടെ വില വർദ്ധിക്കുന്നതിനെ സംബന്ധിച്ച് നിരവധി മെമ്മോറാണ്ടങ്ങൾ കിട്ടി. എന്താണ് അതിലെ ആവശ്യമെന്നോ, വളരെ കുറഞ്ഞ നിരക്കിലുള്ള പാമോയിൽ, 12-ാം 13-ാം രൂപയ്ക്ക് കിട്ടുന്ന പാമോയിൽ ലഭിക്കാത്തതിനാലാണ്. ഇരുപത്തിയേഴും ഇരുപത്തിയെട്ടും രൂപ കൊടുത്ത് വെളിച്ചെണ്ണ വാങ്ങേണ്ടിവരുന്നത് എന്നതായിരുന്നു ആ മെമ്മോറാണ്ടം. സംശയത്തിനിട കൊടുക്കാതെതന്നെ പറഞ്ഞു, വെളിച്ചെണ്ണയ്ക്ക് വില എത്രതന്നെ കൂടിയാലും ശരി വെളിച്ചെണ്ണയുടെ വില കുറച്ചുകൊണ്ടുവരാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഒരു കിലോ പാമോയിൽപോലും ഇറക്കുമതി ചെയ്യാൻ തയ്യാറാകുകയില്ല, ഞങ്ങൾക്ക് പാമോയിൽ ആവശ്യമില്ലായെന്ന് ഇൻഡ്യാ ഗവൺമെൻറിനെ അറിയിക്കുകയാണ് ചെയ്തത്. പരാതിയുണ്ടായാലും കേരളത്തിലെ നാളികേര കർഷകനെപ്പറ്റി ചിന്തിക്കുമ്പോൾ തല്ക്കാലത്തെ ബുദ്ധിമുട്ടുകൾ നമ്മൾ സഹിക്കണം. ഒന്നും സഹിക്കാതെ എല്ലാ സുഖത്തോടെയും ജീവിക്കാൻ പറ്റില്ല. അതുകൊണ്ട് പാമോയിൽ ഇറക്കുമതി ചെയ്യേണ്ട, പാമോയിലിൽ നിന്നുണ്ടാകുന്ന ആദായം ഈ സ്റ്റേറ്റിന് വേണ്ട, കോർപ്പറേഷന് വേണ്ട എന്നു തീരുമാനിച്ച് പാമോയിൽ ഇറക്കുമതി ചെയ്യുന്നില്ല. അതിനാൽ വെളിച്ചെണ്ണയുടെയും നാളികേരത്തിൻറെയും വില കുറയാൻ ഒരു കാരണവശാലും ഈ ഗവൺമെൻറ് അനുവദിക്കില്ല എന്നു മാത്രമല്ല അതിൻറെ വില വർദ്ധിപ്പിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യും. നാളികേര കർഷകന് ആശ്വാസം നൽകാനാവശ്യമായ എല്ലാ നടപടികളും ഇതിനകംതന്നെ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്നത് ഈ ഗവൺമെൻറ് നടപ്പിലാക്കുകയും ചെയ്യും.

ശ്രീ. സിറിയക്ക് ജോൺ : കോക്കനട്ട് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നാളികേരത്തിൻറെ വില ഇത്രയും കുത്തനെ ഇടിഞ്ഞപ്പോൾ അടച്ചുപൂട്ടി, കൊപ്ര സംഭരണം വേണ്ടായെന്നുവച്ച് മില്ല് മുഴുവൻ സ്വകാര്യമില്ലുകാരെ ഏല്പിച്ചുകൊടുത്തതിനെപ്പറ്റിയൊന്നും മുഖ്യമന്ത്രി പറഞ്ഞില്ലല്ലോ ?

ശ്രീ. കെ. കരുണാകരൻ : അടച്ചുപൂട്ടി പോരുകയല്ല ചെയ്തത്. കോർപ്പറേഷനുകളിൽ രണ്ട് മില്ല് പോരായെന്നുവന്നപ്പോൾ 12 സ്വകാര്യ മില്ലുകൾ ഏറ്റെടുത്തു, അന്നും കൊടുത്തിട്ടുള്ള നിർദ്ദേശം നാളികേരം വെളിച്ചെണ്ണയാക്കി കടകളിൽക്കൂടി വിതരണം ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്യണമെന്നാണ് .....ബഹളം.....(ശ്രീ. സിറിയക്ക് ജോൺ സഭയിൽ പത്രം ഉയർത്തിക്കാണിച്ചു.) ഇവിടെ നടക്കുന്ന കാര്യം സത്യസന്ധമായാണ് പറഞ്ഞത്. കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം പരാതിയുണ്ടായത് കൊപ്ര കിട്ടുന്നത് പോരായെന്നും, അതുകൊണ്ട് എത്ര മില്ലുകൾ ഏറ്റെടുക്കേണ്ടിവന്നാലും, അത് വാടകയ്ക്കായാലും, താല്ക്കാലികമായിട്ടായാലും അങ്ങനെ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.....ബഹളം..... ഞാൻ ആവർത്തിച്ചു പറയുകയാണ് പത്രം ഉയർത്തിക്കാണിച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രചരണത്തിന് ഈ വേദി ദുരുപയോഗപ്പെടുത്തുന്ന ഏർപ്പാട് നിർത്തണം, ഗവൺമെൻറ് ആധികാരികമായി, ഔപചാരികമായി പറയുന്നു ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

VII സ്പീക്കറുടെ റൂളിംഗ്

മി. സ്പീക്കർ : ശ്രീ. വി. കെ. രാജൻ ഇന്ന് കാർഷിക സർവ്വകലാശാലാ ഭേദഗതി ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, "അഴിമതിയുടെ നാറുന്ന കഥകൾ" എന്നു തുടങ്ങിക്കൊണ്ട് ചില പരാമർശങ്ങൾ ഇവിടെ നടത്തുകയുണ്ടായി. ആരോപണസ്വഭാവമുള്ള പ്രസ്തുത പരാമർശങ്ങൾ സഭാനടപടികളിൽനിന്നും നീക്കം ചെയ്യണമെന്ന് ബഹുമാനപ്പെട്ട ചില നിയമസഭാംഗങ്ങൾ തദവസരത്തിൽ ചെയറിനോടഭ്യർത്ഥിക്കുകയും ഇതേപ്പറ്റി പരിശോധിച്ച് വേണ്ടത് ചെയ്യാമെന്ന് ചെയർ ഉറപ്പു നൽകുകയും ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതേസംബന്ധിച്ച് ബന്ധപ്പെട്ട രേഖകളും സുസ്ഥാപിതമായ കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും ചെയർ പരിശോധിച്ചു. നിയമസഭയിൽ നിയമസഭാംഗങ്ങൾക്ക് പരിപൂർണ്ണമായ പ്രസംഗ സ്വാതന്ത്ര്യമുണ്ട്. ജനാധിപത്യത്തിന്റെ ആരോഗ്യകരവും അനുസ്യൂതവുമായ വളർച്ചയ്ക്ക് പ്രസംഗ സ്വാതന്ത്ര്യം അനുപേക്ഷണീയവുമാണ്. സഭയുടേയും സഭാംഗങ്ങളുടേയും എല്ലാ പ്രത്യേകാവകാശങ്ങളുടേയും നിദാനം ഈ മൗലിക തത്വവുമാണല്ലോ. സഭാംഗങ്ങൾക്ക് ഇപ്രകാരം ലഭിച്ചിട്ടുള്ള പ്രസംഗസ്വാതന്ത്ര്യം പൂർണ്ണവും ഒരളവുവരെ അപരിമിതവുമാണെന്നതുതന്നെ, ആ സ്വാതന്ത്ര്യം അവർ വിനിയോഗിക്കുമ്പോൾ അങ്ങേയറ്റം നിഷ്കർഷ പാലിക്കാൻ അവരെ നിർബന്ധിതരാക്കുന്നു. ആരേപ്പറ്റിയായാലും വേണ്ടത്ര ഉത്തരവാദിത്വത്തോടുകൂടിയല്ലാതെ ആരോപണസ്വഭാവമുള്ള പ്രസ്താവനകൾ ചെയ്യുന്നത് പൊതുവേ പറഞ്ഞാൽ പാർലമെന്ററി ഡിബേറ്റിന്റെ നടപടിക്രമങ്ങൾക്കും സഭയുടെ അന്തസ്സിനും നിരക്കാത്തതാണെന്നുള്ള കാര്യം സംശയാതീതമാണ്. സഭാതലത്തിൽ അതിന് മറുപടി പറയാനോ സ്വന്തം നിരപരാധിത്വം വെളിപ്പെടുത്താനോ കഴിയാത്തവരെ സംബന്ധിച്ചാകുമ്പോൾ അത് കൂടുതൽ അനുചിതമായിത്തീരുന്നു. ഇതേസംബന്ധിച്ച് ലോക സഭയുടെ റൂൾസ് കമ്മിറ്റി ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി.

"It was against the rules of parliamentary debate and decorum to make defamatory statements or allegations of incriminatory nature against any person and the position was rather worse if such allegations were made against persons who were not in a position to defend themselves on the floor of the House. The House should not be made a forum where the conduct and character of persons should be brought into disrepute, as the persons against whom allegations were made had no remedy against a speech made on the floor of the House which was previleged."

പൊതുതാല്പര്യത്തെ മുൻനിർത്തി സത്യനിഷ്ഠവും വസ്തുനിഷ്ഠവുമായ അന്വേഷണത്തിനുശേഷം ഒരംഗം ചട്ടപ്രകാരം ഒരു വ്യക്തിയെപ്പറ്റിയോ സ്ഥാപനത്തെപ്പറ്റിയോ ആരോപണമുന്നയിച്ചാൽ, അത് ചിലപ്പോൾ ബന്ധപ്പെട്ടവർക്ക് അപകീർത്തികരമായിത്തീരുമെങ്കിൽത്തന്നെയും, തടയുന്നത് ഉചിതമല്ല. എന്നാൽ, അങ്ങനെ ആരോപണമുന്നയിക്കുമ്പോൾ ഉന്നയിക്കുന്ന അംഗം ആ ആരോപണത്തിന്റെ ഉള്ളടക്കത്തെപ്പറ്റി ആത്മാർത്ഥവും വസ്തുനിഷ്ഠവുമായ അന്വേഷണം നടത്തി സ്വയം ബോദ്ധ്യപ്പെടേണ്ടതും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതായുമുണ്ട്. പത്രറിപ്പോർട്ടുകളേയോ കേട്ടുകേഴ്വികളേയോമാത്രം ആധാരമാക്കി ആരോപണമുന്നയിക്കുന്നത് തികച്ചും അനുചിതമാണ്. മാത്രവുമല്ല, സഭാനടപടിക്രമമനുസരിച്ച് ചെയറിനെ മുൻകൂട്ടി അതറിയിക്കേണ്ട ബാധ്യതയും അദ്ദേഹത്തിനുണ്ട്. അങ്ങനെ ചെയ്താൽ മാത്രമേ അതിന്റെ അനുവദനീയതയെപ്പറ്റി തീരുമാനിക്കാൻ ചെയറിന് അവസരമുണ്ടാകുകയുള്ളൂ, അതിന് മറുപടി പറയാൻ ബന്ധപ്പെട്ട മന്ത്രിക്ക് അവസരം ലഭിക്കുകയുള്ളൂ. കൗൾ ആൻഡ് ഷാക്ധറിലെ പ്രസക്തമായ ഒരു ഭാഗം കൂടി ചെയർ ഇവിടെ ഉദ്ധരിക്കാം.

"A member has to be careful while making an allegation. He has to satisfy himself that the source is reliable and the allegation is based on facts. In effect, he is required to make prima facie investigation into the matter before he writes to the Speaker or the Minister, and more so, before he speaks in the House. A notice relating to an allegation based on newspaper

LIBRARY ARCHIVES Kerala Legislative Assembly

reports is not allowed unless the member tabling it gives the Speaker substantial proof that the allegation has some factual basis."

ശ്രീ. വി. കെ. രാജൻ, അദ്ധ്യക്ഷന്റെ പ്രസംഗത്തിൽ സഭയിലുള്ളവരേയും സഭയിലില്ലാത്തവരേയും കുറിച്ച് ആരോപണമുന്നയിച്ചിരിക്കുകയാണ്. നമ്മുടെ നടപടിച്ചട്ടത്തിലെ റൂൾ 285-ലേക്ക് ചെയർ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

"No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply."

ശ്രീ. രാജൻ, ചെയറിന് ഈ ആരോപണം ഉന്നയിക്കുന്ന കാര്യം നേരത്തെ എഴുതിത്തന്നിരുന്നില്ല. അതുകൊണ്ട് 285-ാം ചട്ടത്തിൽ പറയുന്ന നടപടിക്രമം അദ്ധ്യക്ഷൻ പാലിച്ചിട്ടില്ല. ഇത് ക്രമവിരുദ്ധമാണ്. അതിനാൽ, അദ്ധ്യക്ഷൻ പറഞ്ഞ, ഇനി വായിക്കാൻ പോകുന്ന ഭാഗങ്ങൾ റിക്കാർഡ് ചെയ്യരുത്. ദയവായി പത്രക്കാർ അത് റിപ്പോർട്ടു ചെയ്യരുത്. സഭാനടപടികളിൽ നിന്നും നീക്കം ചെയ്ത ഭാഗമാണ്.

ഇത് ദയവായി പത്രങ്ങളിൽ പ്രസിദ്ധീകരിക്കാൻ പാടില്ല എന്ന് പത്രങ്ങളോട് അഭ്യർത്ഥിക്കുകയാണ്. പ്രസിദ്ധീകരിക്കുന്നത് അവകാശലംഘനമായിരിക്കും.

ഓർഡർ, ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

(1986 നവംബർ 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.15-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly